# പത്രാധിപക്കുറിപ്പ്

മനുഷ്യൻ, കുടുംബം, ഗ്രാമം, രാഷ്ട്രം, ലോകം എന്നിങ്ങനെ വ്യക്തി വിപുലമായി ക്രമേണ ബൃഹദ്രൂപമായി മാറുന്നു. മനുഷ്യൻ എന്ന വ്യക്തിയുടെ പരിണതരൂപം മാത്രമാണ് പിന്നീടുള്ള ഓരോന്നും. അതുകൊണ്ട് ഇവ ആറും സമത്വം പേറുന്നു. ഈ സമത്വം സൃഷ്ടിയിൽ തന്നെ ഇവയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. അവയ്ക്ക് വൈഷമ്യം ഉണ്ടാകുമ്പോഴാണ് സമത്വമില്ല എന്ന് നമുക്കു തോന്നുക. വൈഷമ്യം ഈശ്വരനിൽനിന്നും അകലുമ്പോൾ തോന്നും. സമത്വം ഈശ്വരനോട് അടുക്കുമ്പോൾ തോന്നും. അപ്പോൾ സമത്വം നേടാൻ ചെയ്യേണ്ടത് ഈശ്വരനോട് അടുപ്പിക്കുകയാണ്. അതിനു മനുഷ്യത്വം കൈവരിക്കാനുള്ള ശ്രമം നടത്തുക. ആ ശ്രമത്തിന് അവസരം മഹാപുരുഷസംശ്രയമാണ്. ഇതാണല്ലോ ശങ്കരാചാര്യർ വിവേകചൂഡാമണിയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നത്.

**ദുർലഭം ത്രയമേവൈതത്**
**ലോകാനുഗ്രഹഹേതുകം**
**മനുഷ്യത്വം മുമുക്ഷത്വം**
**മഹാപുരുഷസംശ്രയഃ**

മഹാപുരുഷസംശ്രയമുണ്ടെങ്കിൽ മനുഷ്യത്വം (സമബുദ്ധി) ഉണ്ടാകും. മനുഷ്യത്വം ഉണ്ടെങ്കിൽ മുമുക്ഷത്വമുണ്ടാകും. പലതായി കാണുന്ന നമ്മൾ ഓരോരുത്തരും അനുപമരാണ്. നമ്മുടെ ഗുണങ്ങളും കഴിവുകളും അഭിരുചികളും എന്നുവേണ്ട എല്ലാം ഭിന്നമാണ്. അതുകൊണ്ട് നമ്മളിലെ ഭൗതികമായ സമത്വം തീരെ ഇല്ലാതാക്കുവാൻ സാധിക്കുകയില്ല. വ്യക്തികളിൽ ഭൗതികമായ അസമത്വ പ്രതീതി ഇല്ലാതാവാൻ ഈശ്വരനോട് അടുക്കുകയേ വഴിയുള്ളൂ. അതുകൊണ്ട് സമത്വം നേടാൻ മനുഷ്യത്വം നേടു. മനുഷ്യത്വത്തിനുള്ള വഴി മഹാപുരുഷസംശ്രയവും. ഈശ്വരതുല്യരായ ആളുകളാണ് മഹാപുരുഷന്മാർ. മനുഷ്യരിൽ ഈശ്വരനെ ദർശിച്ചവർ. അവരാണ് സമത്വവാദികൾ. അവരാണ് നമ്മുടെ ഋഷീശ്വരന്മാർ. അവരുടെ വാക്കുകൾ അവർക്കു തുല്യമായതുകൊണ്ട് അവരുടെ വാക്കുകളെ ആശ്രയിക്കലും മഹാപുരുഷസംശ്രയമാണ്. അപ്രകാരം സമത്വപ്രാപ്തിക്ക് നമ്മുടെ ഋഷിമാരുടെ പന്ഥാവ് പിന്തുടരുകയെ കരണീയമായിട്ടുള്ളൂ.

പുസ്തകം 4 ലക്കം 16
ഒക്ടോബർ - ഡിസംബർ 2015

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712

shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
ഡോ. അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. ദുർഗ്ഗാസ്തുതി
2
2. സംസ്കൃതപഠനം - 24
7
3. ദത്താത്രേയ ഗീത
13
4. കുട്ടികളുടെ വാല്മീകി രാമായണം - 5
15
5. ഔഷധസസ്യങ്ങൾ - 11
പുഷ്കരമൂലം
16
6. ലളിതാസഹസ്രനാമം
വ്യാഖ്യാനം - 16
17
7. ഭഗവദ്ഗീത - ഒരു പുനർവായന - 4
23
7. രുരുജിത്ത് സമ്പ്രദായം: ഒരവലോകനം
26
8. നന്ദികേശ്വര കാശികാ
വ്യാഖ്യാനം - 11
31

# ദുർഗ്ഗാസ്തുതി

സമ്പാദക : അപർണ്ണാദേവി എ.

1. **കല്പാന്തേ മധുകൈടഭാസുരപരാഭ്രതസ്യ ധാതുഃ സ്തവൈഃ
പ്രീതാ പങ്കജലോചനസ്യ നയനാന്നിർഗത്യ നിദ്രാമയീ
തൗ യുദ്ധേ പരിമോഹ്യ ഘാതിതവതീ തേനൈവ വിശ്വേശരീ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

കല്പാവസാനം മധു, കൈടഭൻ എന്നീ അസുരന്മാരാൽ പരാജയപ്പെട്ട ബ്ര ഹ്മാവിന്റെ സ്തുതിയാൽ സന്തുഷ്ടയായ ദേവി മഹാവിഷ്ണുവിന്റെ കണ്ണുകളിൽനി ന്ന് നിദ്രാമയി ആയി ആവിർഭവിച്ചു. ആ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

2. **ത്രൈലോക്യേ മഹിഷാസുരപ്രമഥിതേ സംഭ്രയ സഞ്ചിന്തതാം
ദേവാനാമപി സാ വിനിർമിതവപുസ്സൈർദത്തഭൂഷായുധാ
ഉച്ചൈർനാദയുതൈർമഹാസുരബലൈരാബ്ധയുദ്ധോത്സവാ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

മഹിഷാസുരൻ ത്രിലോകങ്ങളെ ഇളക്കിമറിച്ചപ്പോൾ ചിന്താധീനരായ ദേ വന്മാരെല്ലാവരും ഒന്നിച്ചുചേർന്ന് നിർമ്മിച്ച ശരീരത്തോടുകൂടിയവളും അവർ കൊടുത്തതായ ആഭരണായുധങ്ങളോടു കൂടിയവളുമാണ് ഈ ദേവി. ഉച്ചത്തിൽ ശബ്ദമുണ്ടാക്കുന്ന അസുര സൈന്യത്തോട് വളരെ സന്തോഷത്തോടെ യുദ്ധം തു ടങ്ങിയ ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

3. **നിഃശ്വാസപ്രഭവൈശ്ച ഭൃതനിവഹൈർവിധ്വസ്തദൈത്യോത്കരാ
ഹത്വാ ചിക്ഷുരമുത്ക്ഷപയ്യ സമരേ സിംഹേന തം ചാമരം
ആശുദഗ്രകരാളബാഷ്കലബിഡാലാദീനരീൻ ക്ഷിണ്വതീ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

ദേവി സ്വനിശ്വാസത്താലും ഭൃതഗണങ്ങളാലും ദൈത്യബലത്തെ നശിപ്പി ച്ചു. കൂടാതെ യുദ്ധത്തിൽ ദേവി ചിക്ഷുരൻ എന്ന അസുരനെയും സിംഹം ചാമ രൻ എന്ന അസുരനെയും കൊന്നു. മാത്രമല്ല, ഉദഗ്രൻ, കരാളൻ, ബാഷ്ക്കലൻ, ബി ഡാലൻ തുടങ്ങിയ ശത്രുക്കളെ ഇല്ലാതാക്കുകയും ചെയ്തു. ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

4. **പ്രാപ്തം ക്ഷോഭിതവിശ്വമാശു മഹിഷം സന്നാശയന്തീ തതഃ
സിംഹീഭൂതമഥോ നരാകൃതിമിഭാകാരം ലുലായാകൃതിം
ആക്രമ്യാങ്ഘ്രിതലേന നിർഗതമമും ഭൂയോസിനാ ഛിന്ദതീ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

ലോകത്തെ മുഴുവൻ വിറപ്പിക്കുന്ന മഹിഷാസുരനെ നശിപ്പിക്കുവാൻ ദേവി ഒരുമ്പെട്ടു. സിംഹമായും മനുഷ്യനായും പോത്തായും ആനയായും വന്ന അവന്റെ മേൽ കാൽകൊണ്ട് ചവിട്ടിപ്പിടിച്ച് വാളുകൊണ്ട് ശിരസ്സറുത്തു. അങ്ങനെയുള്ള ഈ ദുർഗ്ഗാദേവിതന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

5. **നിഃശേഷാമരശക്തിരൂപിണി ശിവേ മായേ മഹാവിക്രമേ
ശ്രീവാഗാദിവിഭൂതിരൂപിണി രണേ വിദ്യുത്കൃപാനുഗ്രഹേ
ശൂലാദ്യൈരപി പാലയേതി ദിവി ജൈർനീതാ ദിശന്തീ വരം
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

മുഴുവൻ ദേവന്മാരുടെ ശക്തിസ്വരൂപിണിയും മംഗളരൂപിണിയും മായയും മഹാവിക്രമയും ഐശ്വര്യം വിദ്യാ എന്നിവയുടെ ഉറവിടവും യുദ്ധത്തിൽ ഇടിമിന്നൽപോലെ കൃപചൊരിയുന്നവളും ശൂലം തുടങ്ങിയവയാൽ രക്ഷിച്ചാലും എന്ന് ദേവന്മാരാൽ അഭ്യർത്ഥിയ്ക്കപ്പെട്ടവളും വരം തരുന്നവളുമായ ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

6. **ദൃപ്യച്ഛുംഭനിശുംഭവിക്രമചിരക്ലിഷ്ടൈഃ സുരേന്ദ്രൈഃ സ്തുതാ
പാർവത്യാ വപുഷോ/വതീര്യ ലളിതാകാരാ ഹിമാദ്രേസ്തടേ
ഡോളാകേളിവിമോഹിതത്രിഭുവനാ സാ ചാമുണ്ഡേക്ഷിതാ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

അഹങ്കാരികളായ ശുംഭനിംശുഭന്മാരുടെ വിക്രമത്താൽ വളരെക്കാലമായി വിഷമിയ്ക്കുന്ന ദേവന്മാരാൽ സ്തുതിയ്ക്കപ്പെട്ടവളാണ് ഈ ദേവി. ഹിമാലയ താഴ്‌വരയിൽ ലളിതമായ ആകൃതിയിൽ പാർവതിയായി അവതരിച്ചവളാണ്. ത്രിലോകങ്ങളെയും ഊഞ്ഞാലാട്ടംകൊണ്ട് മോഹിപ്പിക്കുന്ന ഈ ദേവിയെ ചണ്ഡമുണ്ഡാസുരന്മാർ കണ്ടു. അങ്ങനെയുള്ള ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

7. **ചണ്ഡാവേദിതരൂപജാതമദനസ്തംഭേന ശുംഭേന ച
ദ്രാഗ് ദൂതേ പ്രഹിതേ നിയുദ്ധവിജയീ ഭർതാ മമേത്യൂചിഷീ
യുദ്ധേച്ഛും കില ധൂമലോചനമഥോ സൈന്യാന്വിതം ധൂന്വതീ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

ചണ്ഡൻ പറഞ്ഞതരത്തിലുള്ള ദേവിയുടെ രൂപസൗന്ദര്യത്തിൽ ശുംഭൻ ആശ്ചര്യചകിതനും വിമോഹിതനുമായി. ഭാര്യാപദത്തിലേയ്ക്ക് ക്ഷണിച്ചുകൊണ്ട് ശുംഭൻ ദൂതനെ പറഞ്ഞയച്ചപ്പോൾ യുദ്ധത്തിൽ എന്നെ (ദേവിയെ) ജയിക്കുന്നവൻ എന്റെ (ദേവിയുടെ) ഭർത്താവാകും എന്ന സന്ദേശം അയച്ചു ഈ ദേവി. യുദ്ധം ചെയ്യാൻ ആഗ്രഹിച്ച സൈന്യസമേതനായ ധൂമ്രലോചനനെ വിറപ്പിച്ചവളും ഭസ്മമാക്കിയവളുമായ ഈ ദുർഗ്ഗാദേവിതന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

8. **ചണ്ഡേ മുണ്ഡയുതേ സമേയുഷി ബലൈഃ കാളീമലീകാന്തരാത്**
**സൃഷ്ട്വാ ഭക്ഷിതസൈന്യശസ്ത്രകുലയാ തൗ ഘാതയന്തീ തയാ**
**പ്രാപ്തേ ശുംഭബലേ ച കേസരിതനുഃ കാളീരവോദ്ഘോഷിണീ**
**രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

സൈന്യത്തോടുകൂടി ചണ്ഡമുണ്ഡന്മാർ വന്നപ്പോൾ ദേവി വിസ്താരമായ നെറ്റിയിൽനിന്ന് കാളീദേവിയെ സൃഷ്ടിച്ചു. അസുരസൈന്യത്തെ ഭക്ഷിക്കാനും ചണ്ഡമുണ്ഡന്മാരെ അടിക്കുവാനും കാളിയെ പ്രേരിപ്പിച്ചു. ശുംഭസൈന്യം വരുന്നത് കണ്ടിട്ട് ദേവിയും സിംഹവും വലുതായ ശബ്ദം പുറപ്പെടുവിച്ചു. അങ്ങനെയുള്ള ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

9. **ബ്രഹ്മാണ്ഡാദിഷു സംഗതാസു ശിവദൂതീം ച സ്വശക്തിം തദാ**
**സൃഷ്ട്വാ തത്പ്രഹിതേന്ദുമൗലിവചസാ ദൈത്യൈഃ പ്രവൃത്തേ രണേ**
**ക്രുധ്യന്മാതൃഗണാർദിതം രിപുബലം ദൃഷ്ട്വാ പ്രഹൃഷ്ടാശയാ**
**രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

ബ്രാഹ്മ്യാദികളായ ദേവശക്തികളാൽ ചുറ്റപ്പെട്ട ശിവന്റെ വചസാൽ സ്വശക്തിയായ ശിവദൂതിയെ സൃഷിച്ചു. അസുരന്മാരുമായുള്ള യുദ്ധത്തിൽ കോപാകുലരായ മാതൃഗണങ്ങളാൽ പീഡിതരായ ശത്രുസൈന്യങ്ങളെ കണ്ട് സന്തുഷ്ടയായ ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

10. **പ്രാപ്തം സംയതി രക്തബീജമസുരം മാതൃപ്രഹാരോദ്ഗള**
**ദ്രക്തോദ്ഭൂതഭടൗഘപൂർണഭുവനം ഭീതിപ്രദം പശ്യതാം**
**കാള്യാ തത്ക്ഷണപീതനഷ്ടരുധിരം ശസ്ത്രോത്കരൈർനിഘ്നതീ**
**രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

യുദ്ധത്തിൽ രക്തബീജാസുരനെ മാതൃക്കൾ പ്രഹരിക്കുകയും തുടർന്ന് ആ അസുരനിൽനിന്ന് വാർന്നുപോയതായ രക്തബിന്ദുക്കളിൽനിന്ന് അനേകം അസുരസമൂഹങ്ങൾ ഉണ്ടാവുകയും അവരെക്കൊണ്ട് ലോകം നിറയുകയും ചെയ്തു. ഭയങ്കരമായ ഈ അവസ്ഥയിൽ കാളി ആ അനേകായിരം രക്തബീജാസുരന്മാരിൽനിന്ന് വീഴുന്ന ഓരോ തുള്ളി രക്തം കുടിയ്ക്കുകയും രക്തബീജാസുരനെ ശസ്ത്രം കൊണ്ട് ഹനിക്കുകയും ചെയ്തു. അങ്ങനെ കാളീരൂപത്തിലുള്ള ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിയ്ക്കട്ടെ.

11. **ഘോരേ ശുംഭനിശുംഭയോരഥ രണാരംഭേ നിശുംഭാസുരം
ഖഡ്ഗാദ്യൈഃ കൃതയുദ്ധമാത്തപരശും സംമോഹ്യ ബാണോത്കരൈഃ
ശുംഭം ശക്തിശരൗഘഭീഷണരണം ശൂലാർദിതം തന്വതീ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

ഘോരമായ യുദ്ധാരംഭത്തിൽ വാൾ തുടങ്ങിയവകൊണ്ട് യുദ്ധം ആരംഭിച്ചവനും മഴു പിടിച്ചവനുമായ ശുംഭനിശുംഭന്മാരിൽപെട്ട നിശുംഭാസുരനെ ബാണങ്ങളെക്കൊണ്ട് മോഹാത്സ്യപ്പെടുത്തി. ശക്തി, അമ്പ് എന്നിവകൊണ്ട് യുദ്ധത്തെ ഭയാനകമാക്കുന്ന ശുംഭാസുരനെ ശൂലംകൊണ്ട് ആക്രമിച്ചു. അങ്ങനെയുള്ള ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

12. **ഭൂയഃ പ്രാപ്തനിശുംഭമുക്തമഭിതശ്ചക്രായുധം ഛിന്ദതീ
ഖഡ്ഗച്ഛിന്നഗദം സശൂലമഥ തം ശൂലേന ഭിത്ത്വോരസി
വക്ഷോതിർഗതമന്യദസ്യ ച വപുഃ ഖഡ്ഗേ ന നിഷ്കൃന്തതീ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം**

അതിനുശേഷം നിശുംഭൻ അയച്ചതായ ചക്രായുധത്തെ ദേവി മുറിച്ചു. അവൻ എറിഞ്ഞതായ ഗദയെയും ശൂലത്തെയും വാളുപയോഗിച്ച് ഛിന്നഭിന്നമാക്കി. അതിനുശേഷം അവന്റെ മാറ് ശൂലംകൊണ്ട് പിളർന്നു. അങ്ങനെ പിളർന്നതായ നിശുംഭാസുരന്റെ മാറിൽനിന്ന് മറ്റൊരു രൂപത്തിൽ അവൻ പുറത്തുവന്നു. അവന്റെ തല വാളുകൊണ്ട് ഛേദിച്ചതായ ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

13. **പഞ്ചാസ്യേന ച മാതൃഭിശ്ച മഥിതേ സൈന്യേ സമഭ്യേയുഷഃ
ശുംഭസ്യാന്യബലാവലംബവചസാ ദേവീർവിലായ്യ സ്വയം
ശസ്ത്രാസ്ത്രോത്കരഭീഷണം ചിരതരം തേനാഹവം തന്വതീ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

ബ്രഹ്മാണി തുടങ്ങിയ മാതൃക്കളാൽ അസുരസൈന്യം ഛിന്നഭിന്നമാക്കപ്പെട്ടപ്പോൾ മറ്റുള്ള ദേവിമാരുടെ ബലംകൊണ്ടല്ലേ ഹേ ദുർഗ്ഗേ നീ യുദ്ധം ചെയ്യുന്നത് എന്ന് ശുംഭൻ ദേവിയോട് ചോദിച്ചു. അപ്പോൾ മറ്റുള്ള ദേവിമാരെ അവനവനിൽതന്നെ വിലയിപ്പിച്ചിട്ട് സ്വയം വളരെ സമയം ശസ്ത്രാസ്ത്രങ്ങളെക്കൊണ്ട് ഭയങ്കരമായ യുദ്ധത്തെ നിർവ്വഹിച്ചതായ ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

**14. ഛിന്നാസ്ത്രേണ തലപ്രഹാരമഥിതേനാനേന ധൃത്വാ രുഷാ
വ്യോമാന്തം ഗമിതാ നിയുദ്ധമധികം കൃത്വാഥ നിഷ്പാത്യ
ശൂലേന പ്രവിദാര്യ സർവഭുവനം നിർവ്യാകുലം കുർവതീ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

ദേവി ആ അസുരന്റെ അസ്ത്രത്തെ മുറിച്ചു. ദേവിയുടെ കരതലംകൊണ്ടുള്ള അടിയാൽ ഭൂമിയിൽ പതിച്ചവനായ ശുംഭൻ ദേവിയെ പിടിച്ചുകൊണ്ട് ആകാശത്തെ സ്ഥിതിചെയ്തു. അവിടെനിന്നുകൊണ്ട് ഇരുവരും ബാഹുയുദ്ധം നടത്തി. അവിടെനിന്ന് അസുരനെ ചുഴറ്റി ഭൂമിയിലേയ്ക്ക് വീഴ്ത്തി. അവന്റെ മാറ് ശൂലംകൊണ്ട് പിളർന്ന് മുഴുവൻ ലോകത്തിന്റെയും വ്യാകുലത അകറ്റിയ ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

**15. ആപന്നാർതിഹരേ പ്രസീദ ശുഭദേ വിശ്വേരി നാരായണി
ബ്രഹ്മാണ്യാദിതനോ പ്രപാലയ ഭയാച്ഛൂലാദിഘണ്ഡാദിഭിഃ
രോഗാദീഞ്ജഹി സർവദായിനി വരം ദേഹീതി ദേവൈഃ സ്തുതാ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

ആപത്തുക്കളെയും മറ്റു ദുഃഖങ്ങളെയും ഇല്ലാതാക്കുന്നവളെ! മംഗളദായിനി!, വിശ്വേശ്വരി!, നാരായണി! പ്രസാദിച്ചാലും. ബ്രഹ്മാണി തുടങ്ങിയ മാതൃദേവതകളുടെ ശരീരത്തിലൂടെ പ്രത്യക്ഷമായവളെ! വീണ്ടും ശൂലം മണി തുടങ്ങിയ ആയുധങ്ങളാൽ പരിപാലിച്ചാലും. രോഗം തുടങ്ങിയ ദുഃഖങ്ങളെ ഇല്ലാതാക്കിയാലും സർവ്വവും തരുന്നവളെ!, വരം തന്നാലും എന്നീ പ്രകാരമെല്ലാം ദേവന്മാരാൽ സ്തുതിയ്ക്കപ്പെട്ട ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

**16. ഭൂയശ്ചാപി തദാ തദാ രിപുബലം ഹന്താസ്മ്യഹം ചിന്തിതാ
മന്മാഹാത്മ്യകഥാപരാനപി സദാ സർവത്ര രക്ഷാമ്യഹം
തേഷാം ചാഭിമതം ദദാമ്യഖിലമിത്യുക്ത്വാ തതോ/ന്തർഹിതാ
രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

എന്നെ ചിന്തിയ്ക്കുന്നവരുടെ ശത്രുബലത്തെ ഞാൻ അപ്പോളപ്പോൾ ഇല്ലാതാക്കും. എവിടെയും എന്റെ മാഹാത്മ്യകഥയിൽ തല്പരരായിട്ടുള്ളവരെ ഞാൻ രക്ഷിക്കും. അവരുടെ എല്ലാ ഇഷ്ടങ്ങളെയും ഞാൻ നല്കും എന്നു പറഞ്ഞ് ദുർഗ്ഗാദേവി അപ്രത്യക്ഷയായി. അങ്ങനെയുള്ള ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

17. **മാഹാത്മ്യം ച സുമേധസാനുകഥിതം ശ്രുത്വാ മഹീഭൃദ്വിശോഃ**
**സഹ്യാദ്രൗ വിഹിതത്രിവർഷതപസോഃ പ്രത്യക്ഷതാമേയുഷീ**
**ഭൂഭർത്രേ ദദതീ പുനർമനുപദം വൈശ്യായ ബോധപ്രദാ**
**രോദ്ധും ഘോരകൃതാന്തസൈന്യമിഹ മേ ദുർഗ്ഗൈവ ദുർഗ്ഗായതാം.**

സുമേധസ് എന്ന മഹർഷി പറഞ്ഞ ഈ മാഹാത്മ്യം കേട്ടിട്ട് സഹ്യാദ്രിയിൽപോയി മൂന്നു വർഷം തപസ്സനുഷ്ഠിച്ച രാജാവിനും വൈശ്യനും മുമ്പിൽ ദേവി പ്രത്യക്ഷയായി. രാജാവിന് ഒരിക്കലും കൈവിട്ടുപോകാത്ത സ്വരാജ്യത്തെയും വൈശ്യന് ബ്രഹ്മജ്ഞാനത്തെയും പ്രദാനംചെയ്ത ഈ ദുർഗ്ഗാദേവി തന്നെ എന്റെ മൃത്യുവിനെ തടയുവാനുള്ള ദുർഗ്ഗമായി ഭവിക്കട്ടെ.

18. **ശ്രീദുർഗാസ്തുതിപദ്യസപ്തദശകം നിത്യം പഠൻ മാനവോ**
**മുക്ത്വാ മൃത്യുഭയം വിഹായ വിപദം ലബ്ധ്വാഖിലം കാങ്ക്ഷിതം**
**മുക്തിം ചാപി ലഭേത മുക്തിനിലയേ ദേവ്യാഃ കൃപാഗൗരവാ**
**ന്നിഃശേഷം ഫലമശ്നുവീത ഗിരിജാമാഹാത്മ്യപാഠോദ്ഭവം.**

18. ശ്രീദുർഗ്ഗാസ്തുതി എന്ന ഈ പതിനേഴ് പദ്യങ്ങൾ നിത്യവും വായിക്കുന്ന മനുഷ്യൻ മൃത്യുഭയത്തെ മറികടക്കുകയും ആഗ്രഹിച്ചതെല്ലാം നേടുകയും ചെയ്യും. മാത്രമല്ല, ദേവീകൃപാധിക്യത്താൽ ഗിരിജാമാഹാത്മ്യപാരായണംകൊണ്ടുള്ള മുഴുവൻ ഫലവും മുക്തിയും അവന് കരഗതമാകും.

## സംസ്കൃതപഠനം - 24

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

ഇനി ചതുർത്ഥീവിഭക്തിയുടെ രൂപങ്ങൾ എങ്ങനെ പ്രയോഗിക്കുന്നു എന്ന് നോക്കാം. 'ആയിക്കൊണ്ട് ചതുർത്ഥീ ച' എന്നാണ് അർത്ഥം പറഞ്ഞിട്ടുള്ളത്. കൊടുക്കുക എന്ന പ്രവൃത്തിയുടെ ഫലം ആരിലാണോ എത്തിച്ചേരുക ആയാളെക്കുറിക്കുന്ന വാക്ക് ചതുർത്ഥീവിഭക്തിയുടെ രൂപത്തിലാവണം. ഇതാണ് ച

തുർത്ഥീവിഭക്തിയുടെ ഒരു പ്രയോഗം. ഉദാഹരണം -

अध्यापकः छात्राय पुस्तकं ददाति ।

അദ്ധ്യാപകൻ വിദ്യാർത്ഥിയ്ക്കായിക്കൊണ്ട് പുസ്തകം കൊടുക്കുന്നു.

ഈ വാക്യത്തിലെ പദങ്ങൾ ശ്രദ്ധിക്കുക.

അധ്യാപകഃ - കർത്താവ് (പ്രഥമാവിഭക്തിയിൽ)

പുസ്തകം - കർമ്മം (ദ്വിതീയാവിഭക്തിയിൽ)

ദദാതി - ക്രിയ (വർത്തമാനകാലത്തിൽ പ്രഥമപുരുഷൻ ഏകവചനം)

ഛാത്രായ - സംപ്രദാനം (ചതുർത്ഥീവിഭക്തിയിൽ)

ഈ വാക്യത്തിൽ കൊടുക്കൽ ക്രിയകൊണ്ട് പുസ്തകം എന്ന കർമ്മം (ഫലം) വിദ്യാർത്ഥിയിൽ എത്തിച്ചേരുന്നു. അതുകൊണ്ട് ഛാത്ര എന്ന ശബ്ദം ഛാത്രായ എന്ന ചതുർത്ഥീരൂപത്തിൽ പ്രയോഗിക്കുന്നു.

ഏതാനും ചതുർത്ഥീരൂപങ്ങൾ ശ്രദ്ധിയ്ക്കുക.

| ശബ്ദം / പ്രകൃതി | ചതുർത്ഥീരൂപം | |
|---|---|---|
| बाल | बालाय | (ബാലനായിക്കൊണ്ട്) |
| आपणिक | आपणिकाय | കടക്കാരനായി) |
| देव | देवाय | (ദേവനായി) |
| कवि | कवये | (കവിയ്ക്കായി) |
| स्थपति | स्थपतये | (ശില്പിയ്ക്കായി) |
| कपि | कपये | (കുരങ്ങനായി) |
| ऋषि | ऋषये | (ഋഷിയ്ക്കായി) |
| प्रीति | प्रीतये | (പ്രീതിയ്ക്കായി) |
| जननी | जनन्यै | (അമ്മയ്ക്കായി) |
| पुत्री | पुत्र्यै | (മകൾക്കായി) |
| मातामही | मातामह्यै | (മുത്തശ്ശിയ്ക്കായി) |

| | | |
|---|---|---|
| गुरु | गुरवे | (ഗുരുവിനായി) |
| भिक्षु | भिक्षवे | (ഭിക്ഷുവിനായി) |
| धेनु | धेनवे | (പശുവിനായി) |
| अध्यापिका | अध्यापिकायै | (അദ്ധ്യാപകയ്ക്കായി) |
| सीता | सीतायै | (സീതയ്ക്കായി) |

ഇവയുടെ പ്രയോഗം നോക്കുക.

पिता बालाय मधुरं ददाति। അച്ഛൻ ബാലനായി മധുരം നല്കുന്നു.

क्रेता आपणिकाय धनं ददाति। വാങ്ങുന്നവൻ പീടികക്കാരനായി പണം നല്കുന്നു.

भक्तः देवाय पुष्पाणि ददाति। ഭക്തൻ ദേവനായി പൂക്കൾ നല്കുന്നു.

सर्वकारः कवये पुरस्कारं ददाति। സർക്കാർ കവിയ്ക്കായി പുരസ്കാരം നല്കുന്നു.

आचार्यः स्थपतये शिलां ददाति। ആചാര്യൻ ശില്പിയ്ക്കായി ശില നല്കുന്നു.

सन्दर्शकः कपये फलानि ददाति। സന്ദർശകൻ കുരങ്ങനായി പഴങ്ങൾ നല്കുന്നു.

भक्तः ऋषये फलमूलानि ददाति। ഭക്തൻ ഋഷിയ്ക്കായി ഫലമൂലങ്ങൾ നല്കുന്നു.

मातुलः प्रीतये वस्त्राणि ददाति। അമ്മാവൻ പ്രീതിയ്ക്കായി വസ്ത്രങ്ങൾ നല്കുന്നു.

पिता जनन्यै तण्डुलानि ददाति। അച്ഛൻ അമ്മയ്ക്കായി അരി നല്കുന്നു.

जननी पुत्र्यै क्रीनकं ददाति। അമ്മ പുത്രിയ്ക്കായി കളിപ്പാട്ടം നല്കുന്നു.

रमेशः मातामह्यै रूप्यकाणि ददाति। രമേശൻ മുത്തശ്ശിയ്ക്കായി രൂപ നല്കുന്നു.

शिष्यः गुरवे दक्षिणां ददाति। ശിഷ്യൻ ഗുരുവിനായി ദക്ഷിണ നല്കുന്നു.

गृहस्वामी भिक्षवे अन्नं ददाति। ഗൃഹസ്വാമി യാചകന് ചോറു നല്കുന്നു.

कर्मकरः धेनवे तृणानि ददाति। ജോലിക്കാരൻ പശുവിനായി പുല്ലു നല്ക

ന്നു.

प्रबन्धकः अध्यापिकायै वेतनं ददाति। മാനേജർ അദ്ധ്യാപികയ്ക്കായി ശമ്പളം നല്കുന്നു.

श्रीरामः सीतायै वल्कलं ददाति। ശ്രീരാമൻ സീതയ്ക്കായി മരവുരി നല്കുന്നു.

ദദാതി എന്നതിനുപകരം യച്ഛതി എന്നും പറയാം.

ഇവിടെ ചില സ്ഥലങ്ങളിൽ 'ദദാതി' എന്നതിനുപകരം സമർപയതി എന്നും പറയാം.

| | एकवचनम् | द्विवचनम् | बहुवचनम् |
|---|---|---|---|
| प्रथमपुरुषः | ददाति | दत्तः | ददति |
| मध्यमपुरुषः | ददासि | दत्थः | दत्थ |
| उत्तमपुरुषः | ददामि | दद्वः | दद्मः |

| | एकवचनम् | द्विवचनम् | बहुवचनम् |
|---|---|---|---|
| प्रथमपुरुषः | यच्छति | यच्छतः | यच्छन्ति |
| मध्यमपुरुषः | यच्छसि | यच्छथः | यच्छथ |
| उत्तमपुरुषः | यच्छामि | यच्छावः | यच्छामः |

ഉദാഹരണം

शिष्यः गुरवे दक्षिणां समर्पयति।

भक्तः देवाय पुष्पाणि समर्पयति।

മറ്റൊന്നിനുവേണ്ടി വേറൊന്ന് ചെയ്യുമ്പോൾ ചതുർത്ഥീവിഭക്ത്യന്തമായ രൂപം പ്രയോഗിക്കും.

ഉദാഹരണം

गोपिका परीक्षायै पठति। ഗോപിക പരീക്ഷയ്ക്കായി പഠിക്കുന്നു.

अर्जुनः युद्धविजयाय यतते स्म। അർജ്ജുനൻ യുദ്ധവിജയത്തിനായി യത്നിച്ചു.

नन्दः संस्कृतप्रचाराय प्रवर्तते। നന്ദൻ സംസ്കൃതപ്രചാരത്തിനായി പ്രവർ

ത്തിക്കുന്നു.

देवः भक्ताय भवति। ദേവൻ ഭക്തനായി ഭവിക്കുന്നു.

अर्चकः पुष्पाय गच्छति। അർച്ചകൻ പൂവിനായി പോകുന്നു.

रक्षीपुरुषः जनसुरक्षायै सेवनं करोति। പോലീസ് ജനസുരക്ഷയ്ക്കായി സേവനം ചെയ്യുന്നു.

ചതുർത്ഥീവിഭക്ത്യന്തരൂപങ്ങളുടെ എല്ലാ വചനങ്ങളിലുള്ള രൂപങ്ങൾ ഉപയോഗിക്കേണ്ടിവരും. അതുകൊണ്ട് ആ രൂപങ്ങളും പഠിക്കണം.

ഇതുവരെ പറഞ്ഞ നാമപദങ്ങളുടെ ചതുർത്ഥിയിലുള്ള എല്ലാ രൂപങ്ങളും താഴെ കൊടുക്കുന്നു.

| एकवचनम् | द्विवचनम् | बहुवचनम् |
|---|---|---|
| बालाय | बालाभ्यां | बालेभ्यः |
| आपणिकाय | आपणिकाभ्यां | आपणिकेभ्यः |
| देवाय | देवाभ्यां | देवेभ्यः |
| कवये | कविभ्यां | कविभ्यः |
| स्थपतये | स्थपतिभ्यां | स्थपतिभ्यः |
| कपये | कपिभ्यां | कपिभ्यः |
| ऋषये | ऋषिभ्यां | ऋषिभ्यः |
| प्रीतये | प्रीतिभ्यां | प्रीतिभ्यः |
| जनन्यै | जननीभ्यां | जननीभ्यः |
| पुत्र्यै | पुत्रीभ्यां | पुत्रीभ्यः |
| मातामह्यै | मातामहीभ्यां | मातामहीभ्यः |
| गुरवे | गुरुभ्यां | गुरुभ्यः |

| | | |
|---|---|---|
| भिक्षवे | भिक्षुभ्यां | भिभुभ्यः |
| धेनवे | धेनुभ्यां | धेनुभ्यः |
| अध्यापिकायै | अध्यापिकाभ्यां | अध्यापिकाभ्यः |
| सीतायै | सीताभ्यां | सीताभ्यः |

സുഭാഷിതം

धनवान् बलवान् लोके
सर्वः सर्वत्र सर्वदा
प्रभुत्वं धनमूलं हि
राज्ञामप्युपजायते ।।

അന്വയം ഗദ്യക്രമം

लोके धनवान् सर्वः सर्वत्र सर्वदा बलवान् (अस्ति)। राज्ञाम् अपि प्रभुत्वं धनमूलम् उपजायते हि ।।

ഈ ലോകത്ത് ധനമുള്ളവരെല്ലാം എല്ലായിടത്തും എല്ലായ്പ്പോഴും ബലവാന്മാരാകുന്നു. രാജാക്കന്മാർക്കുപോലും പ്രഭുത്വം ധനം കാരണമാണല്ലോ ഉണ്ടാകുന്നത്.

താഴെ കൊടുക്കുന്ന വാക്യങ്ങളിലെ ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ള പദങ്ങൾ ചതുർത്ഥീവിഭക്തിയിലാക്കി വീണ്ടും എഴുതുക.

1. जननी ............ (शिशुः) क्षीरं यच्छति।
2. मेधः ............ (लोकः) जलं ददाति।
3. दुर्वासाः ............ (कुन्तिः) वरं ददाति।
4. सहोदरः ............ (सहोदरी) शाटिकां ददाति।
5. सीता ............ (रमा) पुष्पाणि ददाति।

(തുടരും)

# ദത്താത്രേയ ഗീത

ദാമോദരൻ നമ്പൂതിരി, കോതമംഗലം (ഫോൺ : 9995378770)

(2015 ജനവരി-മാർച്ച് ലക്കത്തിൽനിന്നും തുടർച്ച. കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ ഈ ലേഖനം ഉൾപ്പെടുത്താൻ കഴിയാഞ്ഞതിൽ ഖേദിക്കുന്നു.)

**ന മേ മാനാവമാനൗ സ്തോ**
**നചിന്താ ഗേഹപുത്രിണാം**
**ആത്മക്രീഡ ആത്മരതിർ**
**വിചാരമീഹ ബാലവത്**

ഒരു ചെറിയ കുട്ടിയേപ്പോലെ സദാ ആനന്ദത്തോടുകൂടി ഇരിയ്ക്കുവാൻ കഴിയുക. കുട്ടികൾക്ക് മാനാവമാനങ്ങൾ ബാധിക്കുന്നില്ല. അവനെ അണിയിക്കുന്ന ആഭരണങ്ങൾ സ്വർണ്ണമോ മുക്കുപണ്ടമോ ആയിക്കൊള്ളട്ടെ, അതിന്റെ ഭേദം അവൻ ചിന്തിക്കുന്നില്ല. മറ്റു മനുഷ്യർക്കുള്ളതുപോലെ ഗൃഹ, പുത്ര, വിത്താദി ചിന്തകൾ ഒരു കുട്ടിയെ ബാധിക്കുന്നില്ല. ഒരു കുട്ടിയെപ്പോലെ സഞ്ചരിക്കാൻ പഠിക്കണം എന്ന് ഞാൻ മനസ്സിലാക്കി. തുടർന്ന് ദത്താത്രേയ യോഗീശ്വരൻ യദുവിന് ഉപദേശിക്കുന്നത് ഒരു പെൺകുട്ടിയുടെ കൈയിലെ ശംഖുവളകളെ ഉദാഹരണമാക്കിക്കൊണ്ടാണ്. ഉരലിലിട്ട് നെല്ലുകുത്തുന്ന ഒരു പെൺകുട്ടിക്ക് അവളുടെ കൈയിലെ ശംഖുവളകൾ കൂട്ടിമുട്ടുന്ന ശബ്ദം അസ്വസ്ഥമായി തോന്നി. രണ്ടു കൈയിലേയും ഈരണ്ടു വളകൾ ഒഴികെ ബാക്കി ഊരി മാറ്റിവച്ചു. തുടർന്നും ജോലി ചെയ്യവേ ശബ്ദം ഉണ്ടാകുന്നുവെന്നു കണ്ട് ഓരോ വളമാത്രം കൈയിലിട്ടുകൊണ്ട് ജോലി ചെയ്യുന്നു. അപ്പോൾ തീരെ ശബ്ദമില്ല. ലോകതത്ത്വം ഗ്രഹിക്കാനായി സഞ്ചരിയ്ക്കുന്ന ദത്താത്രേയ യോഗി ഇതിൽനിന്നും കണ്ടെത്തിയ സംഗതി പലരൊരുമിച്ചു വസിച്ചാൽ കലഹമുണ്ടാകും. രണ്ടു പേരായാലും വർത്തമാനം പറയും. അതിനാൽ ഏകനായി സഞ്ചരിയ്ക്കുക.

**'കുമാര്യാ ഇവ കങ്കണഃ'**

സ്ഥിരാസനത്തെ ശീലിച്ച് പ്രാണങ്ങളെ അടക്കി മനസ്സിനെ ജാഗ്രതയോടെ ഒന്നിൽത്തന്നെ നിർത്താൻ ശീലിക്കുക.

ക്രമേണ മനസ്സ് കർമ്മവാസനകളെ വെടിയുന്നു. കത്തിക്കൊണ്ടിരിക്കുന്ന

അഗ്നി വിറകുതീർന്നാൽ ക്രമേണ കെട്ടടങ്ങുന്നപോലെ രജസ്സും തമസ്സും സത്വ ഗുണവും അടങ്ങുന്നു. ഒരിക്കൽ ഇരുമ്പുപണി ചെയ്യുന്ന ഒരുവന്റെ ആലയുടെ സമീപത്തുകൂടി ഒരു വലിയ ഘോഷയാത്ര കടന്നുപോയി. ആയുധത്തിന്റെ അഗ്രം കൂർപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്ന അയാൾ ആ വലിയ ഘോഷയാത്രയുടെ ആരവം കേൾക്കുകയോ മുഖമുയർത്തി ഒന്നു നോക്കുകയോ ചെയ്തില്ല. അതുപോലെ മനസ്സ് ഏകാഗ്രമായാൽ വിഷയങ്ങൾ ഒന്നും പിന്നീട് മനസ്സിനെ സ്വാധീനിക്കുന്നില്ല. സ്നേഹംകൊണ്ടോ ദ്വേഷംകൊണ്ടോ മനസ്സിനെ എവിയെങ്കിലും പൂർണ്ണമായി ഉറപ്പിച്ചാൽ ജീവൻ ധ്യേയവസ്തുവിന്റെ രൂപത്തെ പ്രാപിക്കും. ഉദാഹരണത്തിന് വേട്ടാളൻ പുഴുവിനെ പിടിച്ച് കൂട്ടിൽകൊണ്ടുപോയി വയ്ക്കുന്നു. വേട്ടാളന്റെ കുത്തേറ്റ് വേദനയാൽ വേട്ടാളനെത്തന്നെ നിരന്തരം ഭയത്തോടെ നിനയ്ക്കുന്ന പുഴു പൂർവ്വരൂപം വെടിയാതെ വേട്ടാളന്റെ രൂപം പ്രാപിക്കുന്നു.

ഏറ്റവും ഒടുവിൽ ദത്താത്രേയയോഗി ശരീരത്തെത്തന്നെ ഒരു ഗുരുവായി ഉപമിക്കുന്നു. ദുഃഖം പ്രദാനം ചെയ്യുന്നതും ജനനമരണങ്ങളുള്ളതും ആയ ദേഹം വിരക്തിയും വിവേകവും ഉണ്ടാകുവാൻ സഹായിക്കുന്ന ഒന്നാണ്. ശരീരപോഷണത്തിനായി ക്ലേശിച്ച് ധനം സമ്പാദിക്കയും ഭാര്യ, പുത്രന്മാർ, ഗൃഹം ഇവയെ നേടിയും സംരക്ഷിച്ചും നാം കൊണ്ടുനടക്കുന്ന ശരീരം പുനർജന്മത്തിന് കാരണമായ പുണ്യപാപ മിശ്രിതമായ ബീജത്തെ നിർമ്മിച്ച് നശിക്കുകയും ചെയ്യുന്നു. ഇന്ദ്രിയങ്ങൾ ജീവനെ പല വിഷയങ്ങളെ അനുഭവിക്കാൻ പല വഴിക്ക് പിടിച്ചുവലിക്കുന്നു.

**ബഹ്യ സപത്ന്യ ഇവ**
**ഗേഹപതി ലൂനന്തി എന്ന് ദത്താത്രേയൻ.**

ഒന്നിലധികം ഭാര്യമാരുള്ള ഒരുവന്റെ അവസ്ഥപോലെ. വ്യത്യസ്തങ്ങളായ വിഷയചിന്തകളാൽ അലട്ടപ്പെടുന്ന നമുക്ക് പരമപുരുഷാർത്ഥത്തെ നേടാൻ ഉതകുന്ന ഈ ശരീരം ലഭിച്ചു. അത് നഷ്ടപ്പെട്ടുപോകും മുൻപ് ലക്ഷ്യപ്രാപ്തിക്കായി പ്രയത്നിക്കേണ്ടതാണ്. വിഷയാനുഭവങ്ങളിൽനിന്നുള്ള താല്ക്കാലികസുഖം ഏതു ശരീരത്തിലിരുന്നാലും ലഭിക്കുന്നതാണ്. ഇപ്രകാരം വൈരാഗ്യം വന്ന് ആത്മനിഷ്ഠനായി വർത്തിക്കുന്ന ദത്താത്രേയയോഗിയിൽനിന്നും ഉപദേശങ്ങൾ കേട്ട യദു മഹാരാജാവ് അദ്ദേഹത്തെ നമസ്കരിച്ച് യാത്രയായി.

ശുഭം.

# കുട്ടികളുടെ വാല്മീകി രാമായണം  5

ഉണ്ണികൃഷ്ണൻ കിഴുത്താനി

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധ സംരക്ഷണത്തിനുമായി സമർപ്പിക്കുന്നു.)

---

(കഴിഞ്ഞലക്കം തുടർച്ച)

കാലം ആർക്കുവേണ്ടിയും കാത്തുനിൽക്കാറില്ലല്ലോ? സദ്ഗുണസമ്പന്നരും സർവ്വവിദ്യകളും അഭ്യസിച്ചവരും ജനസമ്മതരുമായ ഈ നാലു കുമാരന്മാരും അയോദ്ധ്യയിലെല്ലായിടത്തും ഐശ്വര്യം വാരിവിതറി. ദശരഥ മഹാരാജാവ്, കുലഗുരുവായ വസിഷ്ഠനും മന്ത്രിമാരുമൊത്ത് പുത്രന്മാരുടെ വിവാഹത്തെക്കുറിച്ച് ചിന്തിച്ചിരിയ്ക്കെ, യാദൃച്ഛികമായി വിശ്വാമിത്രമഹർഷി കൊട്ടാരത്തിൽ ആഗതനായി. മഹർഷിയുടെ ആഗമനത്താൽ താനും പ്രജകളും അനുഗൃഹീതരായിത്തീർന്നുവെന്നും എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ നിവർത്തിച്ചുതരാൻ സദാസന്നദ്ധനാണെന്നും മഹാരാജാവ് ഉറപ്പു നല്കി. ഉള്ളു തുറന്ന ഈ പെരുമാറ്റത്തിൽ സന്തുഷ്ടനായ മുനി, മൂത്ത പുത്രനായ രാമനെ തന്റെ യാഗരക്ഷാർത്ഥം ഒന്നിച്ചയക്കണമെന്ന ആഗ്രഹമാണ് മുന്നോട്ടു വെച്ചത്. സുബാഹു, മാരീചൻ തുടങ്ങിയ നീചരാക്ഷസന്മാരുടെ ഉപദ്രവം കർമ്മാനുഷ്ഠാനങ്ങൾക്ക് വിഘ്നം വരുത്തുന്നുവെന്നും മഹാപരാക്രമിയായ രാമൻ യാഗരക്ഷ ചെയ്യാൻ പ്രാപ്തനാണെന്നുമുള്ള വിവരമാണ് മഹർഷിവര്യൻ അറിയിച്ചത്. മാത്രമല്ല, തന്റെ ഈ വരവ് ഈ രാജവംശത്തിന്നാകമാനം ഐശ്വര്യം പ്രദാനം ചെയ്യുമെന്നും ബാലനെന്നു കരുതി പുത്രനെ അല്പദിവസത്തേയ്ക്ക് ഒന്നിച്ചയയ്ക്കാൻ മടികാണിക്കരുതെന്നുമാണ് വിശ്വാമിത്രൻ തുറന്നു പറഞ്ഞത്. വളരെ വൈകിയെത്തിയ സന്താനസൗഭാഗ്യത്തിൽ മനം കുളിർന്നിരിയ്ക്കുന്ന മഹാരാജാവിന് മുനിയുടെ ആവശ്യം തള്ളാനും കൊള്ളാനും പറ്റാത്ത അവസ്ഥയായി. രാക്ഷസ രാജാവായ രാവണന്റെ അനുയായികളാണിവരെന്നുതന്നെ കൂടുതൽ വിഷമിപ്പിയ്ക്കുന്നുവെന്നും താൻ കൂട്ടിയിട്ടും കൂടാത്ത ഇക്കാര്യം പിഞ്ചുബാലനായ പുത്രനെക്കൊണ്ട് എപ്രകാരം സാധിയ്ക്കാനെന്നുമായിരുന്നു പുത്രവത്സലനായ പിതാവിന്റെ ചിന്ത. രാമനെ അയയ്ക്കാൻ ബുദ്ധിമുട്ടുണ്ടെന്നും അത്ര നിർബ്ബന്ധമാണെങ്കിൽ താൻ യാഗരക്ഷ ചെയ്യാൻ തയ്യാറാണെന്നുമായിരുന്നു മഹാരാജാവിന്റെ അഭ്യർത്ഥന. കു

പിതനായ വിശ്വാമിത്ര മഹർഷി സത്യലംഘനം നടത്തിയ രാജാവിനു നേരെ വാഗ്ശരങ്ങൾ പ്രയോഗിക്കാനാരംഭിച്ചു. 'ഇക്ഷ്വാകുവംശജർക്ക് വാഗ്ദത്തലംഘനം ഭൂഷണമല്ലെന്നും അജയ്യനായ രാമനെ മനസ്സിലാക്കാത്തതുകൊണ്ടു മാത്രമാണെന്നും മഹർഷി പ്രതിവചിച്ചു. അവസാനം അദ്ദേഹത്തിന്റെ ശാപത്തെ ഭയന്ന് രാമലക്ഷ്മണന്മാരെ അയയ്ക്കാൻ തയ്യാറായി.

അല്പം നടന്ന് സരയൂനദിയുടെ തെക്കേക്കരയിലെത്തിയപ്പോൾ അവരെ സാന്ധ്യാകാശം സന്തോഷപൂർവ്വം സ്വീകരിക്കാനെത്തി. രാമനോടുള്ള അകമഴിഞ്ഞ സ്നേഹവാത്സല്യത്താൽ മഹാമുനി 'ബല-അതിബല' എന്നീ രണ്ടു വിശിഷ്ടമന്ത്രങ്ങൾ അവർക്കുപദേശിച്ചു. വിശപ്പും ദാഹവും വഴിമാറിപ്പോവുകയും ശേഷിയും ശേമുഷിയും വർദ്ധിക്കുകയുമാണിതിന്റെ ഫലം. ഇതഭ്യസിച്ചവർ അജയ്യരായിത്തീരുമെന്ന മുനിയുടെ മഹദ്വചനം സാർത്ഥകമായിത്തീർന്നുവെന്ന് കാലം തെളിയിച്ചു. മാത്രമല്ല, 'ഉത്തമന്മാർക്കു മാത്രമേ ഉചിതജ്ഞതയോടെ ഇതുപോലുള്ള വിദ്യകൾ ഉപദേശിയ്ക്കാവൂ.' എന്നുകൂടി മഹർഷി ഓർമ്മിപ്പിയ്ക്കുന്നു.

രാത്രി പുൽത്തകിടിയിൽ കിടന്നുറങ്ങിയിരുന്ന രാജകുമാരന്മാരെ പ്രഭാതസൂര്യന്റെ തങ്കരശ്മികളാണ് വിളിച്ചുണർത്തിയത്. പ്രഭാത കർമ്മങ്ങൾക്കുശേഷം ഉടൻ മഹർഷിയോടൊപ്പം യാത്ര തുടരുകയും ചെയ്തു. വൈകുന്നേരമായപ്പോൾ, 'സരയൂ-ഗംഗാ' സംഗമസ്ഥലത്ത് എത്തിച്ചേർന്നു. അവിടെക്കണ്ട ഒരാശ്രമം കുമാരന്മാരെ ഹഠാദാകർഷിച്ചു. പരമശിവന്റെ തപസ്സിളക്കാനെത്തിയ കാമദേവനെ തൃക്കണ്ണാൽ ദഹിപ്പിച്ച സ്ഥലമാണിതെന്നും അന്നുമുതൽ ഇത് അംഗരാജ്യമെന്നറിയപ്പെട്ടുവെന്നും മഹർഷി ഇവർക്കു പറഞ്ഞുകൊടുത്തു. അന്നു രാത്രി അവിടുത്തെ ആശ്രമവാസികളോടൊത്ത് സന്തോഷപൂർവ്വം കഴിച്ചുകൂട്ടി. പുലർച്ചെ അവർക്കനുഗ്രഹം നല്കി, യാത്ര തുടരുകയും ചെയ്തു.

(തുടരും)

ഔഷധസസ്യങ്ങൾ - 11

## പുഷ്കരമൂലം

ഉണ്ണികൃഷ്ണൻ കിഴുത്താനി

ഭാരതത്തിലെ ആധികാരിക ആയുർവ്വേദഗ്രന്ഥങ്ങൾ കാസ-ശ്വാസകോശ അസുഖങ്ങൾക്കും, പാർശ്വശൂലത്തിനും ഉത്തമ ഔഷധമായി നാലായിരം വർഷങ്ങൾക്കുമുൻപുതന്നെ 'പുഷ്കരമൂല'ത്തെ കണ്ടെത്തിയിരുന്നു. അതുകൊണ്ടുത

ന്നെ ആയുർവ്വേദ ശാസ്ത്രമിതിനെ കാസ-ശ്വാസഹരൗഷധങ്ങളുടെ ഗണത്തിൽ പെടുത്തിയിരിയ്ക്കുന്നു.

ആസ്റ്ററേസികം പോസിറ്റ കുടുംബത്തിൽപ്പെടുന്ന പുഷ്കരമൂലത്തിന്റെ ശാസ്ത്രനാമം ഇനുലറസി മോസ എന്നാണ്. സംസ്കൃതത്തിൽ പുഷ്കരം, പത്മപത്രം തുടങ്ങിയ പേരുകളിലും അറിയപ്പെടുന്നു.

ഔഷധഗുണങ്ങളിലേയ്ക്ക് - കഫ-വാത ശമനമാണ്. ഏതു തരത്തിലും വിധത്തിലുമുള്ള വേദനയും ശമിപ്പിയ്ക്കുന്നു. കഫ നിർമ്മാർജ്ജനശക്തിയുണ്ട്. ശ്വാസകോശത്തെ ഉത്തേജിപ്പിയ്ക്കുന്നു. കൂടാതെ കൃമിനാശകവുമാണ്. വിത്തിന് ലൈംഗിക ഉത്തേജനശക്തി വർദ്ധിപ്പിയ്ക്കാനുള്ള കഴിവുമുണ്ട്. വേരാണ് ഔഷധാവശ്യത്തിന് ഉപയോഗിയ്ക്കുന്നത്.

ഔഷധപ്രയോഗങ്ങളിലൂടെ - പുഷ്കരമൂലത്തിൻ വേര് ഉണക്കിപ്പൊടിച്ചതും സമം ഇന്തുപ്പ്, കായം ഇവയുടെ പൊടിയും യോജിപ്പിച്ച് അഞ്ചുഗ്രാം കണക്കിൽ ദിവസം രണ്ടുനേരം ചൂടുവെള്ളത്തിൽ കലക്കി കുറച്ചുദിവസം തുടർച്ചയായി സേവിച്ചാൽ വൃക്കഭാഗത്തുള്ള വേദന, മൂത്രാശയക്കല്ല്, ഇവ ശമിയ്ക്കും. വളരെ പഴക്കമുള്ള വ്രണം - പുഷ്കരമൂലം കഷായത്തിൽ കഴുകുകയും, പുഷ്കരമൂലം, കരിനൊച്ചി ഇവ സമം ചേർത്തുപൊടിച്ച പൊടി വ്രണത്തിൽ വിതറി കെട്ടിവയ്ക്കുകയും ചെയ്താൽ പെട്ടെന്ന് സുഖമാകും. ശ്വാസം, കാസം, എക്കിൾ, പുറംവേദന ഇവയുടെ ആരംഭത്തിൽ പുഷ്കരമൂലം പൊടിച്ചതും ഏലക്കാപ്പൊടിയും ചേർത്ത് അഞ്ചു ഗ്രാം വീതം ദിവസം രണ്ടു നേരം കുറച്ചു ദിവസം തുടർച്ചയായി സേവിച്ചാൽ ഭേദമാകും.

ചുമയും കഫക്കെട്ടുമനുഭവപ്പെടുന്ന ചെറിയ കുട്ടികൾക്ക് പുഷ്കരമൂലത്തിൻ പൊടി ഓരോ നുള്ള് തേൻചേർത്ത് ദിവസം മൂന്നുനേരം കൊടുക്കുന്നത് ഫലപ്രദമാണ്.

## ലളിതാസഹസ്രനാമം വ്യാഖ്യാനം - 16

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

**25. സമ്പദ്കരീസമാരൂഢസിന്ധുരവ്രജസേവിതാ**
**അശ്വാരൂഢാധിഷ്ഠിതാശ്വകോടികോടിഭിരാവൃതാ.**

**സമ്പദ്കരീസമാരൂഢസിന്ധുരവ്രജസേവിതാ** = സമ്പത്കരീ എന്ന ദേവി നിയന്ത്രിക്കുന്നതായ ആന കൂട്ടത്താൽ സേവിയ്ക്കപ്പെടുന്നവൾ.

മഹാത്രിപുരസുന്ദരീ ദേവിയ്ക്ക് അനേകം ആനപടകളുണ്ട്. ആ ആനപടകളെയെല്ലാം നിയന്ത്രിയ്ക്കുന്ന ഒരു ദേവിയുണ്ട്. ആ ദേവിയാണ് സമ്പത്ത്കരീ. അങ്ങനെ സമ്പത്കരീദേവിയാൽ നിയന്ത്രിയ്ക്കപ്പെടുന്നതായ ആനക്കൂട്ടത്താൽ സേവിയ്ക്കപ്പെടുന്നവളാണ് ലളിതാദേവി എന്നു കാണാം.

സമ്പത്കരീ എന്നതിന് സമ്യക്കാകുംവണ്ണമുള്ള പദത്തെ തരുന്നവൾ ആരോ അവൾ എന്നർത്ഥം പറയാം. പദത്തിന് അടിവെയ്പ് എന്നർത്ഥം. അങ്ങനെ നല്ലവണ്ണം നമ്മളെ മുന്നോട്ട് കൊണ്ടുപോകുന്നത് എന്തോ അത് സമ്പത്ത്. മുന്നോട്ടുള്ള പോക്കിൽ കാലിടറി വീഴുന്നത് ആപത്ത്. അതുകൊണ്ട് നമ്മളെ നേരായ വഴിയിലൂടെ കൊണ്ടുപോകുന്നവളാണ് സമ്പത്കരീ. സമ്പത്കരീദേവി ഉദ്ഭിവിച്ചിരിക്കുന്നത് മഹാത്രിപുരസുന്ദരിയുടെ അങ്കുശത്തിൽ (ആനത്തോട്ടിയിൽ) നിന്നാണ്. ആന മനസ്സിന്റെ പ്രതീകമാണ്. മനസ്സാകുന്ന ആനയെ നിയന്ത്രിയ്ക്കാനാണല്ലോ അങ്കുശം. മനസ്സ് വേണ്ടവിധത്തിൽ നിയന്ത്രിക്കപ്പെട്ടാൽ നമ്മൾ സമ്പത്തിലേയ്ക്ക് എത്തും. നമ്മുടെയെല്ലാം മനസ്സിനെ നിയന്ത്രിക്കുവാനും അതുവഴി സമ്പത്തിലേയ്ക്ക് എത്തിയ്ക്കുവാനും കഴിവുള്ള സമ്പത്കരീദേവിയാൽ നിയന്ത്രിതമായ ആനയാൽ സേവിയ്ക്കപ്പെടുന്നവളാണ് മഹാത്രിപുരസുന്ദരി.

സമ്പത്കരീദേവിയെ ഉപാസിച്ചാൽ അളവറ്റ ധനം ലഭിക്കും. ഭൗതികാഭിവൃദ്ധിയുടെ അടിസ്ഥാനം ഈ സമ്പത്കരീദേവിയുടെ അനുഗ്രഹമാണ്. അദ്ധ്യാത്മികാഭിവൃദ്ധിയ്ക്ക് ഭൗതികാഭിവൃദ്ധി ആവശ്യമാണ്. ഇതിൽനിന്നെല്ലാം സമ്പത്കരീയുടെ ഉപാസന മനസ്സിനെ നിയന്ത്രണവിധേയമാക്കുവാനും നേരായ മാർഗ്ഗം സഞ്ചരിക്കുവാനും മഹാത്രിപുരസുന്ദരിയിലേയ്ക്ക് എത്തുവാനും ആവശ്യമാണ് എന്നു മനസ്സിലാക്കാം.

**അശ്വാരൂഢാധിഷ്ഠിതാശ്വകോടികോടിഭിരാവൃതാ** = അശ്വാരൂഢയുടെ അധീനതയിലുള്ള കോടിക്കണക്കിന് അശ്വങ്ങളാൽ ചുറ്റപ്പെട്ടവൾ.

മഹാത്രിപുരസുന്ദരിയ്ക്ക് (ലളിതാദേവിയ്ക്ക്) അനേകം കുതിരസൈന്യമുണ്ട്. അവയുടെയെല്ലാം അധിപതി അശ്വാരൂഢ. മഹാത്രിപുരസുന്ദരിയുടെ പാശത്തിൽ (കയറിൽ) നിന്ന് ജനിച്ചവളാണ് അശ്വാരൂഢാദേവി.

**അശ്വാരൂഢം ജപിച്ചീടിൽ**
**വിശ്വമെല്ലാം ജയിച്ചീടാം.**
**അശ്വാരൂഢം പിഴച്ചീടിൽ**
**വെട്ടുകൊണ്ടു മരിച്ചീടാം**

എന്ന പ്രമാണം ഈ ദേവിയുടെ മഹത്വത്തിലേയ്ക്ക് വിരൽചൂണ്ടുന്നു. അശ്വാരൂഢാദേവിയുടെ മന്ത്രജപത്തിൽ തെറ്റുപറ്റാൻ സാദ്ധ്യത കൂടുതൽ ഉണ്ടെന്നും

അങ്ങനെ സംഭവിച്ചാൽ അനർത്ഥം പലതും ഉണ്ടാകാമെന്നും പറയുന്നു. മഹാത്രിപുരസുന്ദരിയുടെ പാശത്തിൽനിന്ന് ജനിച്ചവളാണ് അശ്വാരൂഢാ എന്നതിനാൽ ഇത് വശ്യപ്രധാനമായ ദേവിയാണ്. പാശം രാഗത്തെ (attachment) യാണല്ലോ കാണിയ്ക്കുന്നത്. ഈ ദേവിയുടെ ധ്യാനപ്രകാരം ഒരു കൈയിൽ ചൂരലും മറുകൈയിൽ കയറുമായി കുതിരപ്പുറത്തിരിക്കുന്നവളായിട്ടാണ് രൂപം. ദേവി കൈയിലുള്ള കയറുകൊണ്ട് ആരെ വേണമെങ്കിലും എന്തിനെ വേണമെങ്കിലും കെട്ടിയിട്ട് കൊണ്ടുവരുന്നതായിട്ട് ധ്യാനിയ്ക്കാം. പത്തും പതിമൂന്നും അക്ഷരങ്ങളുള്ള മന്ത്രമാണ് അശ്വരൂഢാദേവിയുടേത്.

അശ്വം ഇന്ദ്രിയവും കടിഞ്ഞാൺ പ്രാണങ്ങളുമാണ്. പ്രാണങ്ങളെ നിയന്ത്രിക്കുന്ന ദേവി സ്വാഭാവികമായും ഇന്ദ്രിയങ്ങളെയും നിയന്ത്രണവിധേയമാക്കുന്നു. പ്രാണങ്ങൾ കുണ്ഡലിനീശക്തിയാണ്. അവയെ നിയന്ത്രിക്കുന്നതുകൊണ്ട് നമ്മുടെ വൈറ്റാലിററിയെ അശ്വാരൂഢാദേവി നിയന്ത്രിക്കുന്നുവെന്ന് പറയാം. മനസ്സിനെ നിയന്ത്രിക്കുന്നത് സമ്പത്കരീദേവിയും പ്രാണങ്ങളെ നിയന്ത്രിക്കുന്നത് അശ്വാരൂഢാദേവിയുമാണെന്നു കണ്ടു. മനസ്സിനും പ്രാണനും അഭേദ്യമായ ബന്ധമുണ്ട്. മനസ്സ് സൂക്ഷ്മവും പ്രാണൻ സ്ഥൂലവുമാണ്. മഹാത്രിപുരസുന്ദരിയെ അറിയുവാൻ ഈ സൂക്ഷ്മസ്ഥൂലങ്ങളായ മനോപ്രാണനുകളെ നിയന്ത്രിയ്ക്കേണ്ടതുണ്ട്. ഈ നിയന്ത്രണം ഭണ്ഡാസുരനെ അതായത് ആസക്തിയെ (libido) ഇല്ലാതാക്കുവാനും അനിവാര്യമാണ്. ഇപ്രകാരം ഈ നാമങ്ങൾ യുക്തിസഹമായ ചിന്തയിലേയ്ക്ക് നമ്മളെ നയിയ്ക്കും.

**26. ചക്രരാജരഥാരൂഢസർവായുധപരിഷ്കൃതാ
ഗേയചക്രരഥാരൂഢമന്ത്രിണീപരിസേവിതാ.**

**ചക്രരാജരഥാരൂഢസർവായുധപരിഷ്കൃതാ** = ചക്രരാജൻ എന്ന രഥത്തിൽ ആരൂഢയായി എല്ലാ ആയുധങ്ങളോടെ ശോഭിക്കുന്നവൾ.

മഹാത്രിപുരസുന്ദരിയുടെ തോട്ടി എന്ന ആയുധത്തിൽനിന്ന് മനോനിയന്ത്രണം വരുത്തുന്ന സമ്പത്കരിദേവിയും പാശത്തിൽനിന്നും പ്രാണനിയന്ത്രണം വരുത്തുന്ന അശ്വാരൂഢാദേവിയും മുൻനാമങ്ങളിൽ വർണ്ണിയ്ക്കപ്പെട്ടു. ആ രണ്ടു ദേവിമാരുടെയും അനുഗ്രഹത്താൽ സൂക്ഷ്മസ്ഥൂലങ്ങളായിരിയ്ക്കുന്ന മനോപ്രാണനുകളെ നിയന്ത്രിച്ചാൽ മഹാത്രിപുരസുന്ദരിയെ ഉടൻ കാണാൻ സാധിക്കും. അതാണ് അടുത്തതായി ദേവിയുടെ സ്ഥാനം വ്യക്തമാക്കുന്ന ഈ നാമം പറയുന്നത്.

ചക്രരാജൻ എന്ന രഥത്തിൽ കയറിയിരിക്കുന്നവളായിട്ടാണ് ദേവിയെ ദർശിക്കുക. ആയിരക്കണക്കിന് സൂര്യന്മാർ ഉദിച്ചുയർന്നാലുള്ള ശോഭയായിട്ടാണ് ദേവന്മാർ ത്രിപുരസുന്ദരീദേവിയെ ചിത്താകുന്ന അഗ്നികുണ്ഡത്തിൽനിന്ന് ഉദി

ച്ചയരുന്നതായി കണ്ടത്. ആ ശോഭയ്ക്കുള്ളിൽ ഒരു ചക്രമാണ് പിന്നീട് ദേവന്മാർ കണ്ടത്. ആ ചക്രത്തിന്റെ പേരാണ് ശ്രീചക്രം.

**ബിന്ദുത്രികോണവസുകോണദശാരയുഗ്മ**
**മന്വശ്രനാഗദളസംയുതഷോഡശാരം**
**വൃത്തത്രയം ച ധരണീസദനത്രയം ച**
**ശ്രീചക്രമേതദുദിതം പരദേവതായാഃ**

ശ്രീചക്രത്തെ മഹർഷീശ്വരന്മാർ വർണ്ണിച്ചിട്ടുള്ളത് ഇപ്രകാരമാണ്. അതായത് നടുക്ക് ഒരു ബിന്ദു. ബിന്ദുവിന് പുറത്ത് ഒരു ത്രികോണമാണുള്ളത്. ബിന്ദു ആ ത്രികോണത്തിന്റെ നടുക്കാണ് എന്നർത്ഥം. ത്രികോണത്തിന് പുറമെ എട്ട് ത്രികോണങ്ങൾ (അഷ്ടത്രികോണം) ഉണ്ട്. എട്ട് ത്രികോണങ്ങൾക്കു പുറമെ രണ്ടു വീതം പത്ത് ത്രികോണങ്ങൾ സ്ഥിതിചെയ്യുന്നു. അതിനുശേഷം പതിനാല് ത്രികോണങ്ങൾ ഉണ്ട്. അവയ്ക്കപ്പുറം ഒരു വൃത്തം , എട്ട് ദളങ്ങൾ, ഒരു വൃത്തം, 16 ദളങ്ങൾ, ഒരു വൃത്തം എന്നിവയാണ്. അതിനുപുറത്ത് മൂന്ന് നടുവ് തുറന്ന ഭൂപുരങ്ങൾ. ഈ ശ്രീചക്രം ശ്രദ്ധിച്ചാൽ മൂന്നു ഭാഗങ്ങളുള്ളതായി കാണാം. ത്രികോണങ്ങളുടെ ഒരു ഭാഗം, മറ്റൊന്ന് താമരകളുടെ ഒരു ഭാഗം, മൂന്നാമതായി ഭൂപുരങ്ങളുടെ ഒരു ഭാഗം എന്നിങ്ങനെ. ഈ ശ്രീചക്രമാകുന്ന രഥത്തിൽ ആരൂഢയായവളാണ് ത്രിപുരസുന്ദരീ.

## ബിന്ദു

ആദ്യം ഇതിൽ പറഞ്ഞിരിക്കുന്നത് ബിന്ദുവാണ്. ബിന്ദുവിൽനിന്നാണ് ബാക്കിയെല്ലാം സംജാതമാകുന്നത്. അതുകൊണ്ട് ബിന്ദുവിന്റെ ഉല്പത്തി പറയാം. പ്രപഞ്ചസൃഷ്ടിയിൽ ഇപ്പോൾ കാണുന്ന വൈവിധ്യങ്ങൾ ഉണ്ടാകുന്നതിനുമുമ്പ് എന്തായിരുന്നു എന്നു പറയാൻ കഴിയുകയില്ല. അതുകൊണ്ട് അതിനെ അത് (തത്) എന്നു വിളിയ്ക്കാം. അതിനു പലതാവാൻ തോന്നി. പലതാവാൻ കാരണമെന്തെന്ന് അറിയില്ല. പലതാവാൻ തോന്നിയ അതിന്റെ (അവ്യക്തത്തിന്റെ) ഉള്ളിൽ ഒരാഗ്രഹമുണ്ടാകുവാനേ വഴിയുള്ളു. അത് ഏകമായ അഗ്രത്തോടെ പ്രവർത്തിച്ചു. നമ്മുടെ മനസ്സ് ഏകമായ അഗ്രത്തോടെയല്ല വർത്തിയ്ക്കുന്നത്. അതുകൊണ്ടാണ് ഏകാഗ്രതയില്ല എന്ന് നാം പലപ്പോഴും പറയാറുള്ളത്. ഒരേ സമയം പല ആഗ്രഹങ്ങൾ ഉണ്ടാകുമ്പോൾ നമ്മുടെ മനസ്സിന് ബഹ്വഗ്രമാകാനെ സാധിക്കൂ. ഏകാഗ്രത ലഭിയ്ക്കാൻ ഈ ദേവിയെ ധ്യാനിച്ചാൽ മതി. മനസ്സിൽ ഒരാഗ്രഹമുണ്ടായാൽ നമ്മുടെ എല്ലാ പ്രവൃത്തിയും ആ ഒറ്റാഗ്രഹത്തെ കേന്ദ്രീകരിച്ച് വരും. സച്ചിദാനന്ദസ്വരൂപിയായ അത് 'പലതാകണം' എന്ന ഒരൊറ്റ ആഗ്രഹത്തെ കേന്ദ്രീകരിച്ച് പ്രവൃത്തിയ്ക്കുമ്പോൾ അത് (സച്ചിദാനന്ദസ്വരൂപി) സാന്ദ്രമായി തുടങ്ങും. അപ്പോൾ ഏറ്റവും കുറച്ച് space ഉൾക്കൊള്ളുന്നതും

ഏറ്റവും കൂടുതൽ volume ഉള്ളതുമായിട്ടുള്ള ഒരു sphere ആയിട്ട് മാറും അത്. അതാണ് ഈ ബിന്ദു. പലതായിട്ട് മാറുന്നതിന് തൊട്ടുമുമ്പുള്ള അതിന്റെ (സച്ചിദാനന്ദത്തിന്റെ) പരിണാമമാണിത്.

ബിന്ദുവിന് രണ്ടു തരത്തിൽ പലതാകാം. ആ ബിന്ദു വികസിച്ച് നീണ്ടുവന്ന് ഒരു പ്രത്യേക ടെൻഷനിൽ എത്തിക്കഴിഞ്ഞാൽ അത് പൊട്ടിത്തെറിക്കും. ഈ വികാസം വളർച്ചയാണല്ലോ. യാതൊന്ന് വളരുന്നുവോ അതിന് ഒരു ശബ്ദം ഉണ്ടാകും. ഈ ബിന്ദു വളർന്ന് വന്നപ്പോൾ ഒരു രവം (ശബ്ദം) ഉണ്ടായി. ആ രവത്തെ ശാരദാതിലകം എന്ന ഗ്രന്ഥത്തിൽ ശബ്ദബ്രഹ്മം അഥവാ പ്രണവം എന്നു വിളിയ്ക്കുന്നു. അത് നമുക്ക് നമ്മുടെ ഉള്ളിൽ കേൾക്കുവാൻ സാധിക്കും. ബിന്ദു വലുതാകുന്നതിനോടൊപ്പം ശബ്ദവും വലുതാകും. ഒരു പ്രത്യേക ഘട്ടത്തിലെത്തിയാൽ ആ ഏകമായ ശബ്ദവും പൊട്ടിത്തെറിച്ച് പല ശബ്ദങ്ങളായിത്തീരും. അങ്ങനെ 'അ' മുതൽ 'ക്ഷ' വരെയുള്ളവ ഏകമായ ശബ്ദത്തിന്റെ പലഭാഗങ്ങളാണ്. ഈ അക്ഷരങ്ങളിൽ ചിലവ പെറുക്കി വച്ചാൽ വാക്കുകളാവുകയും വാക്കുകളെ ഒന്നിനുപുറകെ ഒന്നായി അടുക്കിവച്ചാൽ വാചകങ്ങളാവുകയും വാചകങ്ങളിലൂടെ നമുക്ക് ആശയപ്രകടനം സാധ്യമാവുകയും ചെയ്യും. ഈ പ്രപഞ്ചത്തിലെ എന്തിനെയും വർണ്ണിക്കുകയും ചെയ്യാം. ശബ്ദതലത്തിലൂടെയുള്ള ബിന്ദുവിന്റെ പലതാകൽ ഇങ്ങനെയാണ്.

## രൂപതലത്തിൽ ബിന്ദുവിന്റെ പലതാകൽ

ഒരു ബിന്ദുവിന് നീളുവാനും വികസിക്കുവാനും രണ്ടു തരത്തിലാണ് സാധിക്കുക. ഋജുരേഖയായിട്ടും വൃത്തത്തിന്റെ പകുതി അതായത് ചാപമായിട്ടും നീളാം. അങ്ങനെ ഈ ബിന്ദു ഋജുരേഖയായിട്ടും ചാപമായിട്ടും പരിണമിച്ചു. ഇപ്രകാരം ഒരു ബിന്ദു, ഒരു ഋജുരേഖ, ഒരു ചാപം എന്നിവ കിട്ടി. ഈ മൂന്നും ഉപയോഗിച്ച് ഈ പ്രപഞ്ചത്തിലെ ഏതു ചിത്രവും വരയ്ക്കാം. ഇപ്രകാരം ഈ ലോകത്തിലെ എന്തിനെയും നമുക്ക് ശബ്ദംകൊണ്ടും രൂപംകൊണ്ടും നിർവ്വചിയ്ക്കാം. ശബ്ദത്തിൽ (അക്ഷരം) നിന്ന് ആവിർഭവിച്ചത് മന്ത്രവും ബിന്ദു, നേർരേഖ, ചാപം എന്നിവയിൽനിന്നാവിർഭവിച്ചത് യന്ത്രവുമാണ്. അങ്ങനെ ഓരോ മന്ത്രത്തിനും ഓരോ യന്ത്രവും ഉണ്ടായിരിക്കും.

ഈ ബിന്ദു നേർരേഖയായിട്ടാണ് വികസിക്കുന്നതെങ്കിൽ ഏറ്റവും കൂടുതൽ സ്ഥലം ഉൾക്കൊള്ളുന്നതും ഏറ്റവും കുറച്ച് വശങ്ങൾ ഉള്ളതുമായി നമുക്ക് ലഭിക്കുന്ന ഒരു ബഹുഭുജക്ഷേത്രം (polygon) ഒരു ത്രികോണമാണ്. ഇവിടെ പ്രതിപാദിക്കുന്ന ശ്രീചക്രം പരിശോധിച്ചാൽ 43 ത്രികോണങ്ങൾ കാണാം. നടുക്ക് ഒരു ത്രികോണം അതിനുശേഷം അവയ്ക്ക്

പുറത്ത് 8 ത്രികോണങ്ങളും അവയ്ക്കുശേഷം 10 ത്രികോണങ്ങളും തുടർന്ന് വീണ്ടും 10 ത്രികോണങ്ങളും പിന്നീട് 14 ത്രികോണങ്ങളും ഉണ്ട്. 9 ത്രികോണങ്ങളെ ഒന്നിനുമുകളിൽ ഒന്നൊന്നായി ഒരു പ്രത്യേകരീതിയിൽ വിന്യസിച്ചാൽ ഈ 43 ത്രികോണങ്ങൾ നമുക്ക് കാണുമാറാകും. 43 ത്രികോണങ്ങൾ ഓരോന്നും വേറെ വേറെ വരയ്ക്കേണ്ടതില്ല. ഒന്നിനുമുകളിൽ ഒന്നൊന്നായി വിന്യസിക്കുന്ന 9 ത്രികോണങ്ങളിൽ 5 എണ്ണം അധോമുഖത്രികോണങ്ങളും 4 എണ്ണം ഊർദ്ധ്വ മുഖത്രികോണങ്ങളുമാണ്. ത്രികോണങ്ങൾക്ക് യോനിയെന്നും ദ്വാരമെന്നും പേരുണ്ട്. അതിനാൽ 9 ത്രികോണങ്ങളെക്കൊണ്ടു നിർമ്മിച്ച ശ്രീചക്രത്തിന് നവയോനിചക്രമെന്ന പേരു വന്നുചേർന്നു. 9 ദ്വാരങ്ങളടങ്ങിയ ചക്രമാണിത്. 9 ദ്വാരങ്ങളുള്ള നമ്മുടെ ശരീരത്തിന്റെ ജ്യാമിതീയമായ (Geometrical) മാതൃകയാണ് ഈ ശ്രീചക്രം.

ശക്തിസ്വരൂപിണികളായിട്ടുള്ള ത്രികോണങ്ങളും ശിവസ്വരൂപിണികളായിട്ടുള്ള ത്രികോണങ്ങളും സ്ത്രീപുരുഷമേളനജന്യപോലുള്ള ആനന്ദത്തെ നല്കുന്നു. അതുകൊണ്ട് ത്രികോണങ്ങൾ ആനന്ദത്തിന്റെ ചിത്രീകരണമാതൃകകൾ (pictorical representation) ആണ്. ഈ നവയോനിയിലാണ്. (9 ത്രികോണങ്ങൾ ഒന്നിനുമുകളിൽ ഒന്നൊന്നായി അടുക്കിവച്ചതിനകം) അതായത് നവദ്വാരങ്ങൾ അടങ്ങിയ ഈ ശരീരത്തിനകത്താണ് ആനന്ദമിരിയ്ക്കുന്നത്. 'ആനന്ദം ബ്രഹ്മണോ രൂപം തച്ച ദേഹേ വ്യവസ്ഥിതം' എന്ന പരശുരാമകല്പസൂത്രവചനം ഇതിനെ സമർത്ഥിയ്ക്കുന്നു. അപ്പോൾ നമ്മുടെ ഉള്ളിലിരിക്കുന്ന ആനന്ദമാണ് ഈ ബിന്ദു.

ബിന്ദുവിന്റെ വികസിതവും നീണ്ടതുമായ രൂപമാണ് ത്രികോണങ്ങൾ എന്നു കിട്ടിയല്ലോ. ഇതിനു പുറത്തായി 8 ദളങ്ങളും പിന്നീട് 16 ദളങ്ങളും കാണാമല്ലോ. അവ നമുക്ക് പുറത്തുള്ള ലോകത്തെ വ്യവച്ഛേദിച്ചാൽ കാണുന്ന സ്ഥലവും (space) സമയവും (time) ആണ്. സ്ഥലം 8 എണ്ണം അടങ്ങിയതാണ് പഞ്ചഭൂതങ്ങൾ (പൃഥിവീ = മണ്ണ്, ആപഃ = ജലം, തേജഃ = തീ, വായു = കാറ്റ്, ആകാശം) അഞ്ചെണ്ണമാണല്ലോ. ഈ പഞ്ചഭൂതങ്ങളെ പ്രകാശിപ്പിയ്ക്കുന്ന സൂര്യചന്ദ്രന്മാർ രണ്ടെണ്ണം. ഈ ഏഴെണ്ണമുണ്ടെന്നറിയുന്ന ഞാൻ (subject) ആണ് എട്ടാമത്തേത്. ഈ എട്ടെണ്ണമാണ് പ്രപഞ്ചത്തെ ഉണ്ടാക്കുന്നത്. അതുകൊണ്ടാണ് ശിവന് അഷ്ടമൂർത്തിയെന്ന പേര്. ഈ എട്ടെണ്ണത്തെ പ്രതിനിധാനം ചെയ്യുന്നതാണ് ശ്രീചക്രത്തിലെ അഷ്ടദളം. അതിനുശേഷമുള്ള 16 ദളം ചന്ദ്രന്റെ 16 കലകളെ കുറിയ്ക്കുന്നു. ചന്ദ്രൻ മായുകയും തേയ്യുകയും ചെയ്യുന്നതനുസരിച്ച് സമയം മാറുന്നു. അതുകൊണ്ട് 16 ദളം (ഷോഡശദളം) സമയത്തെ പ്രതിനിധീകരിക്കുന്നു. കാലദേശങ്ങളാകുന്ന അവിച്ഛിന്ന പ്രതിഭാസം (space time continuum) എന്ന് 1905 മുതൽക്കേ ആധുനികശാസ്ത്രം കേൾക്കാൻ തുടങ്ങിയിട്ടുള്ളൂ. കാലദേശങ്ങൾക്കു ചുരുങ്ങാനും വിടരാനും സാധ്യതയുണ്ട്. ഇവ ചുരുങ്ങുമ്പോൾ നമ്മളായിത്തീരും വികസിക്കുമ്പോൾ ഈശ്വരനായി മാറും. ചുരുങ്ങാനും വികസിക്കുവാനും സാധിക്കുന്നത് എന്തോ അതാണ് ചിത്ത് (consciousness). അങ്ങനെ 8 ദളവും (അ

ഷ്ടദളം) 16 ദളവും (ഷോഡശദളം) ചിത്താണ്.

എല്ലാം നശിച്ചാലും ഉണ്ടായിരിക്കുന്നത് യാതൊന്നാണോ അതാണ് സത്ത്. സ്ക്വയർ (ഭൂപുരങ്ങൾ) സത്താണ്. ഇപ്രകാരം ബിന്ദുത്രികോണങ്ങൾ ആനന്ദം എന്ന ഭാഗവും അഷ്ടദളങ്ങളും ഷോഡശദളങ്ങളും ചിത്ത് എന്ന ഭാഗവും ഭൂപുരങ്ങൾ സത്ത് എന്ന ഭാഗവുമാണ്. ഇങ്ങനെ സച്ചിദാനന്ദസ്വരൂപമാണ് ശ്രീചക്രം. ഇപ്രകാരമുള്ള ശ്രീചക്രത്തിന്റെ ഒത്ത നടുവിലാണ് മഹാത്രിപുരസുന്ദരീദേവി ആസനസ്ഥയായിരിക്കുന്നതെന്ന് ഈ നാമം കാണിക്കുന്നു. ദേവി അവിടെയിരിക്കുന്നത് പ്രപഞ്ചത്തിലെ സകലായുധങ്ങളുമേന്തിയാണ്. ഈ പ്രപഞ്ചത്തിലെ എന്തും ദേവിയുടെ ആയുധമാണ്.

(തുടരും)

## ഭഗവദ്ഗീതാ - ഒരു പുനർവായന (4)

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

**മോക്ഷം എന്തെന്ന് പറയുന്നു**

3. **മോക്ഷശ്ച നാമ സകലാപ്രവിഭാഗരൂപേ**
   **സർവജ്ഞസർവകരണാദിശുഭസ്വഭാവേ**
   **ആകാങ്ക്ഷയാ വിരഹിതേ ഭഗവത്യധീശേ**
   **നിത്യോദിതേ ലയ ഇയാൻപ്രഥിതഃ സമാസാത്.**

പരമമായ അവസ്ഥയിൽ ലയിച്ചുചേരുക എന്നതാണ് മോക്ഷം. ആ പരമമായ അവസ്ഥയെ വിവരിയ്ക്കുകയാണ് 'സകലപ്രവിഭാഗരൂപേ' എന്നു തുടങ്ങിയ പദങ്ങളെക്കൊണ്ട് ഇവിടെ ചെയ്തിരിക്കുന്നത്.

എല്ലാം ഒന്നാണെന്ന അവസ്ഥയാണത്. പ്രപഞ്ചത്തിൽ കാണുന്നതെല്ലാം വ്യത്യസ്തങ്ങളായവയാണ് എന്നാണ് നമ്മുടെ ഇപ്പോഴത്തെ ധാരണ. അതുമാറി എല്ലാം ഒന്നാണെന്നു മനസ്സിലാക്കുന്ന അവസ്ഥ. ലോകത്ത് പലതായി കിടക്കുന്നതെല്ലാം പലതായിരിക്കുമ്പോഴും അതെല്ലാം ഒന്നുതന്നെയാണെന്ന് മനസ്സിലാക്കുന്ന അവസ്ഥാവിശേഷമാണത്.

പിന്നെ ആ പരമമായ അവസ്ഥ സർവജ്ഞത്വമാണ്. എല്ലാറ്റിനെയും അറിയുന്ന അവസ്ഥയാണ് സർവ്വജ്ഞത്വം. ലോകത്ത് പലതായി കാണപ്പെടുന്നതിൽ ഒന്നിനെ അറിഞ്ഞു കഴിഞ്ഞാൽ എല്ലാറ്റിനെയും കുറിച്ചുള്ള അവബോധം

ഉണ്ടാകും. എന്തെന്നാൽ ഒന്നിന്റെതന്നെ വകഭേദങ്ങളാണ് മറ്റെല്ലാം. കടലിലെ ജലത്തിന്റെ സ്വാദറിയാൻ സപ്തസാഗരങ്ങളിലേയും വെള്ളം കുടിച്ചുനോക്കേണ്ട തില്ലല്ലോ. ഏഴു കടലുകൾ ഉണ്ടെന്ന് നാം പറയുമെങ്കിലും ഒരു കടൽ മാത്രമേ ഉള്ളുവല്ലോ. ഒരു കടൽതന്നെ സ്ഥലഭേദത്താൽ വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നു എന്നുമാത്രം. വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത സ്വഭാവവൈശിഷ്ട്യങ്ങൾ ഉണ്ടാകും. എന്നാൽ ഒരു സാഗരത്തിന്റെതന്നെ വകഭേദങ്ങളായതുകൊണ്ട് ഒരു സാഗരത്തിന്റെ തിരിച്ചറിവുകൊണ്ട് മറ്റു സാഗരങ്ങളെയും തിരിച്ചറിയാൻ സാധിയ്ക്കുന്നതുപോലെ പരമമായ ഒരു സത്യത്തിന്റെ വ്യത്യസ്തഭാവങ്ങളാണ് ലോകത്ത് പലതായി കാണപ്പെടുന്ന പദാർത്ഥങ്ങളെല്ലാം എന്നതുകൊണ്ട് ഒന്നിന്റെ തിരിച്ചറിവുകൊണ്ട് മറ്റെല്ലാ പദാർത്ഥങ്ങളെയും തിരിച്ചറിയാൻ കഴിയും. ഈ തിരിച്ചറിവിനെയാണ് പ്രത്യഭിജ്ഞ എന്ന ശാസ്ത്രത്തിൽ വ്യവഹരിക്കുന്നത്. ഇ പ്രകാരമുള്ള തിരിച്ചറിവിലൂടെ കൈവരിയ്ക്കുന്നതാണീ സർവ്വജ്ഞാവസ്ഥ.

പിന്നീട് ഈ അവസ്ഥയെ വിവരിയ്ക്കുന്നത് സർവകരണാദി സ്വഭാവമായിട്ടാണ്. സർവ്വരുടെയും പ്രവൃത്തി സ്വന്തം പ്രവൃത്തിയായി തിരിച്ചറിയുന്ന അവസ്ഥയാണിത്. ആരു എന്തുചെയ്താലും അത് സ്വന്തം പ്രവൃത്തിയായി തിരിച്ചറിയുന്നുവെങ്കിൽ ആ അവസ്ഥ കൈവരിച്ചു എന്നർത്ഥം. ഞാനല്ലാതെ വേറൊന്നുമില്ല ഈ പ്രപഞ്ചത്തിൽ എന്നതിനാൽ ചെറിയൊരു പൂമ്പാറ്റയുടെ പറക്കൽ പോലും തന്റെ പ്രവൃത്തിയായി ഈയ്യവസ്ഥയിൽ ഒരുവനു തിരിച്ചറിയും.

അടുത്തതായി ഈ പരമാവസ്ഥയെ ശുഭസ്വഭാവാവസ്ഥയായിട്ടാണ് പറയുന്നത്. എല്ലാവരുടെയും സ്വഭാവം ശുഭമായിട്ട് അനുഭവപ്പെടും. അതാണ് ശംഭു എന്ന് ആദ്യശ്ലോകത്തിൽ പറയുവാനും കാരണം. ശംഭു എന്നാൽ മംഗളത്തെ ഭവിപ്പിയ്ക്കുന്നവൻ എന്നാണർത്ഥം. ശുഭമല്ലാത്തതായി ഈ പ്രപഞ്ചത്തിൽ ഒന്നുമില്ല എന്ന തിരിച്ചറിവ് ഉണ്ടായ ഒരാൾക്ക് ലോകം മുഴുവൻ ശുഭമായിട്ട് തോന്നും.

ആകാങ്ക്ഷയില്ലാത്ത അവസ്ഥയാണ് ഈ പരമാവസ്ഥ. ജീവിതത്തിൽ സംഭവിയ്ക്കുവാൻ പോകുന്നത് നല്ലതാണോ ചീത്തയാണോ എന്ന ഉദ്വേഗം ഉണ്ടാകാത്ത ഒരവസ്ഥയാണത്. ആ പരമമായതിനെ സംബന്ധിച്ച് സമയം എന്നൊന്നില്ല. ഇന്നലകളോ ഇന്നുകളോ നാളകളോ ഇല്ല അവിടെ. ഒരു ക്ഷണം എന്ന സമയം പോലുമില്ല. കാരണം ആ അവസ്ഥ സമയാതീതമാണ്. അതുകൊണ്ട് സംഭവിയ്ക്കുവാൻ പോകുന്നതിനെക്കുറിച്ചോ മറ്റു ഒന്നിനെക്കുറിച്ചോ ഒരു ആകാങ്ക്ഷയുമില്ല. അത് സ്വാതന്ത്ര്യവും പരമമായ ആനന്ദവുമാണെന്നർത്ഥം.

ശക്തിസ്വരൂപിണിയുടെ അധീശത്വമുള്ള അവസ്ഥയാണത്. പലതായി

ത്തീർന്ന ഈ പ്രപഞ്ചം ശക്തിയാണ്. ശക്തിസ്വരൂപിണിയാണ്. അഥവാ ആ പരമമായ അവസ്ഥയുടെ ശക്തിവൈഭവമാണ് പലതായി കാണപ്പെടുന്ന ഈ പ്രപഞ്ചമായി നാം അനുഭവിക്കുന്നത്. ഈ പ്രപഞ്ചം മുഴുവനായിട്ടും ഭഗവതിയാണ്. ആ ഭഗവതിയുടെ അധീശനാണ് ഈ പരമമായ അവസ്ഥ എന്നർത്ഥം.

എപ്പോഴും ഉദിച്ചിരിക്കുന്ന അവസ്ഥയാണത്. ഏറ്റവും ജഡമായ പാറക്കുത്തുപോലും പരമമായത് എന്ന ബോധത്തോടെയിരിക്കുന്ന അവസ്ഥ.

എല്ലാം ഒന്നാണെന്ന ബോധമുള്ളതും സർവജ്ഞത്വമുള്ളതും സർവപ്രവൃത്തിയും തന്റെതാണെന്നുള്ളതും സർവത്തിലും ശുഭം ദർശിക്കുന്നതും ഒരു ഉദ്വേഗവും ഇല്ലാത്തതും ശക്തിസ്വരൂപിണിയായ ഈ പ്രപഞ്ചത്തിന്റെ അധീശനും എപ്പോഴും ഏതിലും ഉണർന്നിരിക്കുന്നതുമായ ആ പരമമായ അവസ്ഥയിൽ ലയിക്കുന്നതാണ് മോക്ഷം.

4. **യദ്യപ്യന്യപ്രസംഗേഷു**
   **മോക്ഷോ നാമാത്ര ഗീയതേ**
   **തഥാപി ഭഗവദ്ഗീതാഃ**
   **സമ്യക്തത്പ്രാപ്തിദായികാഃ.**

മഹാഭാരതത്തിൽ പല സ്ഥലങ്ങളിലും മോക്ഷത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഭഗവദ്ഗീതയിലെ മുഖ്യപതിപാദ്യവിഷയം മോക്ഷമാണ്. മഹാഭാരതത്തിൽ ധർമ്മം, അർത്ഥം, കാമം എന്നീ പുരുഷാർത്ഥങ്ങളെപ്പറ്റി പറയുന്ന കൂട്ടത്തിൽ മോക്ഷത്തെയും പറയുന്നുണ്ടെങ്കിലും ഗീതയിലാണ് ഉടനീളം മോക്ഷപ്രാപ്തിയ്ക്കുള്ള വഴികൾ മുഖ്യമായും പ്രതിപാദിയ്ക്കുന്നത്. ഗീത മോക്ഷദായിനിയാണെന്ന് ആചാര്യൻ ഉറപ്പിച്ച് ഇവിടെ പറയുന്നു.

5. **താസ്വന്യൈഃ പ്രാക്തനൈർവ്യാഖ്യാഃ**
   **കൃതാ യദ്യപി ഭൂയസാ**
   **ന്യായ്യസ്തഥാപ്യുദ്യമോ മേ**
   **തദ്ഗൂഢാർഥപ്രകാശകഃ**

ഇതിനുമുമ്പും പണ്ടുള്ളോർ പലരും ഗീതയ്ക്ക് വ്യാഖ്യാനങ്ങൾ രചിച്ചിട്ടുണ്ട്. അപ്പോൾപ്പിന്നെ ഇനിയൊരു ഗീതാവ്യാഖ്യാനത്തിന് പ്രസക്തിയുണ്ടോ എന്ന് ആചാര്യൻ സ്വയം ചോദിയ്ക്കുന്നു. ഈ ചോദ്യം ന്യായമായ കാര്യമാണ്. മറ്റു വ്യാഖ്യാതാക്കൾ ഗീതയിലെ പ്രതിപാദ്യവിഷയത്തെക്കുറിച്ച് വെളിപ്പെടുത്താത്തതും അതിൽ ഒളിഞ്ഞിരിക്കുന്നതുമായ അർത്ഥങ്ങളെ വെളിപ്പെടുത്തുവാനാണ് എന്റെ ഈ ഉദ്യമം എന്ന് ആചാര്യൻ വ്യക്തമാക്കുന്നു.

**6. ഭട്ടേന്ദുരാജാദാമ്നായ**
**വിവിച്യ ച ചിരം ധിയാ**
**കൃതോ/ഭിനവഗുപ്തേന**
**സോ/യം ഗീതാർത്ഥസംഗ്രഹഃ**

ഭട്ടേന്ദു രാജനെന്ന സ്വഗുരുവിൽനിന്ന് ഗീതയും തത്പ്രതിപാദ്യവിഷയവും കേട്ടു പഠിച്ച് സ്വബുദ്ധികൊണ്ട് പഠിച്ച കാര്യങ്ങൾ വളരെക്കാലം മനനം ചെയ്ത് വിവേചിച്ചറിഞ്ഞ് അഭിനവഗുപ്തൻ എന്ന ഞാൻ ഗീതാർത്ഥസംഗ്രഹം എന്ന വ്യാഖ്യാനം എഴുതി.

(തുടരും)

# രുരുജിത്ത് സമ്പ്രദായം : ഒരു അവലോകനം

ഡോ. അജിതൻ പി.ഐ.

കേരളത്തിലെ ശൈവ, ശാക്തേയ ക്ഷേത്രങ്ങളിലെ ആരാധനകൾ ശൈവസിദ്ധാന്തത്തെ അനുസരിച്ചും വൈഷ്ണവക്ഷേത്രങ്ങളിലെ ആരാധന പാഞ്ചരാത്ര സിദ്ധാന്തത്തെ അനുസരിച്ചുമാണെന്നുള്ളത് ഒരു പൊതുവായ ധാരണയാണ്. എന്നാൽ ഈ സമ്പ്രദായങ്ങളിൽനിന്നു വ്യത്യസ്തമായി നിലകൊള്ളുന്ന ചില ശാക്തേയ ക്ഷേത്രങ്ങൾ കേരളത്തിലുണ്ട്. അവയാകട്ടെ, കേരളത്തിന് കാശ്മീരവുമായുള്ള ബന്ധത്തിന്റെ തിരു അവശേഷിപ്പുകളാണ്. ഭൂമിശാസ്ത്രപരമായി ഇന്ത്യയുടെ തെക്കേ അറ്റത്തു നിലകൊള്ളുന്ന കേരളത്തിന് വടക്കേ അറ്റത്തുള്ള കാശ്മീരവുമായി നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ബന്ധമുണ്ടായിരുന്നുവെന്ന് ചിന്തിക്കുക ഏറെ പ്രയാസമാണ്. എന്നാൽ ഈ ശാക്തേയ ക്ഷേത്രങ്ങൾ ദേശാതിവർത്തിയായ ഒരു ബന്ധത്തിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണെന്നുള്ളത് ചരിത്രകാരന്മാർക്കു പൊതുവേയും തന്ത്ര ചരിത്രകാരന്മാർക്കു വിശേഷിച്ചും അജ്ഞാതമായ വസ്തുതയാണ്. പാശ്ചാത്യ-പൌരസ്ത്യ പണ്ഡിതന്മാരിൽ ചിലർ ഈ ക്ഷേത്രങ്ങളിലെ രഹസ്യാത്മക ആരാധനാ സമ്പ്രദായത്തെ പല ആധുനിക വൈജ്ഞാനിക രീതിശാസ്ത്രങ്ങളുടെയും ദൃഷ്ടികോണിലൂടെ അനാവരണം ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അവർക്കൊന്നുംതന്നെ മൂസ്സതുമാരുടെ (പിടാരർ, അടികൾ), ഈ ക്ഷേത്രങ്ങളിലെ പ്രധാന പൂജാരിമാരുടെ, ആരാധനാ സമ്പ്രദായത്തിന്റെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാൻ സാധിച്ചിട്ടില്ല.

ഈ ശാക്തേയ ക്ഷേത്രങ്ങൾ രുരുജിത് ക്ഷേത്രങ്ങൾ എന്നാണ് പരക്കെ അറിയപ്പെടുന്നത്. പേരു സൂചിപ്പിക്കുന്നതുപോലെത്തന്നെ രുരുജിത് ആണ് ഈ ക്ഷേത്രങ്ങളിലെ ആരാധനാമൂർത്തിയും. ശാക്തേയക്ഷേത്രങ്ങൾ എന്ന ഇവയെ വിളിക്കാനുള്ള കാരണങ്ങൾ - ഒന്ന്, ഇവ ശക്ത്യാരാധനയുടെ പ്രധാന സങ്കേതങ്ങളാണ്. രണ്ട്, ഇവിടങ്ങളിലെ ആരാധന മദ്യം, മാംസം തുടങ്ങിയവ ഉപയോഗിച്ചുള്ളവയാണ്. ഈയൊരു കാരണത്താൽതന്നെ മൂസ്സതുമാരുടെ ആരാധനയെ കേരളത്തിലെ ബ്രാഹ്മണരും അതുപോലെത്തന്നെ പൊതുസമൂഹവും മദ്ധ്യമപൂജാ എന്നാണ് വിശേഷിപ്പിക്കുന്നത്. ചെറിയൊരു പതിത്വം ഈ ക്ഷേത്രങ്ങൾക്ക് കല്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നും ഇവ പ്രധാന ശക്തികേന്ദ്രങ്ങളായിത്തന്നെ കണക്കാക്കപ്പെടുന്നു.

ഈ വിഭാഗത്തിൽ പെട്ട 16 ക്ഷേത്രങ്ങളാണ് കേരളത്തിലുള്ളത്, അവയിൽത്തന്നെ ഭൂരിഭാഗവും നിലകൊള്ളുന്നത് പണ്ടത്തെ മലബാർ മേഖലയിലാണ്. താഴെകൊടുക്കുന്നവയാണ് ആ ക്ഷേത്രങ്ങൾ.

കാസർഗോഡ്

1. മന്നംപുറത്തുകാവ്, നീലേശ്വരം,

കണ്ണൂർ

2. കളരിവാതുക്കൽ ഭഗവതി ക്ഷേത്രം, വളപട്ടണം
3. മാടായി തിരുവർക്കാട്ടുകാവ് (മാടായിക്കാവ്)
4. മാമാനിക്കുന്ന് ഭഗവതിക്ഷേത്രം, ഇരിക്കൂർ, തളിപ്പറമ്പ്
5. ശ്രീ വാഴഞ്ചേരിക്കാവ് (തിരുവഞ്ചേരി) ഭഗവതിക്ഷേത്രം, കുത്തുപറമ്പ്
6. അമ്മങ്കോട്ടം, ശ്രീകണ്ഠാപുരം, ഇരിക്കൂർ,

കോഴിക്കോട്

7. പിഷാരിക്കാവ്, കൊല്ലം
8. തിരുവളയനാട്ടുകാവ്, ഗോവിന്ദപുരം, കോഴിക്കോട്
9. കട്ടമ്പിള്ളി, കോഴിക്കോട്

പാലക്കാട്

10. കൊടിക്കുന്ന് ഭഗവതിക്ഷേത്രം, പള്ളിപ്പുറം, പട്ടാമ്പി
11. വിരുട്ടാണം ഭഗവതിക്ഷേത്രം (വരവൂർ, തിരുമിറ്റംകോട്)

മലപ്പുറം

12. തിരുമാന്ധാംകുന്ന് ഭഗവതിക്ഷേത്രം, അങ്ങാടിപ്പുറം.

തൃശ്ശൂർ

13. കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം

പത്തനംതിട്ട

14. പരുമലവലിയ പനയന്നാർക്കാവ്
15. മുത്തൂറ്റുകാവ്

കൊല്ലം

16. കലയപുരം ഭഗവതിക്ഷേത്രം

ഈ ക്ഷേത്രങ്ങൾ പല തലത്തിലും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇവയെ ചുറ്റിപ്പറ്റിയുള്ള ഐതിഹ്യങ്ങളാണ് പാരസ്പര്യത്തിന്റെ പ്രധാന തെളിവുകൾ. ഈ ക്ഷേത്രങ്ങളെല്ലാംതന്നെ വളർന്നതും വികസിച്ചതും അതാത് നാട്ടുവാഴികളുടെ സംരക്ഷണയിലായിരുന്നു. അതുപോലെത്തന്നെ ഈ ക്ഷേത്രങ്ങളാകട്ടെ നാട്ടുവാഴികളുടെയും നാട്ടുരാജ്യങ്ങളുടെയും സംരക്ഷണത്തിനായി നിലകൊണ്ടു. നാട്ടുവാഴികൾക്കുവേണ്ടി ചെയ്യുന്നതെല്ലാം ശാക്തീകരണത്തിന്റെ ഭാഗമായിരുന്നു. ഇവർ യുദ്ധത്തിന് പുറപ്പെടുന്നതിനു മുമ്പ് ദേവിയെ സർവ്വ ഉപചാരങ്ങളെക്കൊണ്ടും തൃപ്തിപ്പെടുത്തിയിരുന്നുവെന്നതാണ് ചരിത്രവും വിശ്വാസവും. ചുരുക്കിപ്പറഞ്ഞാൽ ഈ ക്ഷേത്രങ്ങൾ എല്ലാംതന്നെ നിലകൊണ്ടത് രാജാവിന്റേയോ നാട്ടുരാജ്യങ്ങളുടെയോ സംരക്ഷണത്തിനു വേണ്ടിയായിരുന്നു. പൊതുജനത്തിന് ഈ ക്ഷേത്രങ്ങൾ പ്രാപ്യങ്ങളായിരുന്നില്ല. മിക്കവാറും എല്ലാ ക്ഷേത്രങ്ങളും ചെറു കാടുകളാൽ ചുറ്റപ്പെട്ടവയാണ്, അല്ലെങ്കിൽ കുന്നിന്മുകളിലോ മറ്റൊ ആയാണ് സ്ഥിതിചെയ്യുന്നത്. ഇതു വിരൽചൂണ്ടുന്നത് ഇവിടത്തെ രഹസ്യമായ ആചാരാനുഷ്ഠാനങ്ങൾ പൊതുജനത്തിൽനിന്നും മറച്ചുവെയ്ക്കാൻ വേണ്ടിയുള്ള ഒരു മുൻകരുതലിന്റെ ഭാഗമായാണിതെന്നാണ്.

ഈ ക്ഷേത്രങ്ങളുടെചരിത്രം, കാലഗണന തുടങ്ങിയവ ഇന്നേവരെയും കൃത്യമായി നിർണ്ണയിക്കപ്പെട്ടിട്ടില്ല. എന്നിരുന്നാലും ചില തെളിവുകളുടെ അടിസ്ഥാനത്തിൽ ഏതാണ്ട് 13-ാം നൂറ്റാണ്ടോടുകൂടിയാണ് ഇവ പ്രത്യക്ഷപ്പെട്ടു തുടങ്ങിയതെന്ന് പറയാനാകും. ഈ സങ്കേതങ്ങളുടെ പ്രധാന ഭരണകർത്താക്കളും സൂക്ഷിപ്പുകാരും കേരളേതര ബ്രാഹ്മണരായ മൂസ്സതുമാർ, അടികൾ, പിടാരർ ആണ്. ഇവരാകട്ടെ പരസ്പരം വൈവാഹിക ബന്ധത്തിലേർപ്പെടുന്ന 10 കുടുംബങ്ങളടങ്ങിയ ഒരു ശാക്തേയ ബ്രാഹ്മണ സമൂഹമാണ്. വേറൊരു തരത്തിൽ പറഞ്ഞാൽ ഈ 10 കുടുംബങ്ങൾക്കു മാത്രമാണ് ഈ ക്ഷേത്രങ്ങളിൽ പൂജചെയ്യാനുള്ള അവകാശം. മറ്റൊരു രസകരമായ വസ്തുത ഇവർക്കിടയിൽ ഇവ രുരുജിത് ക്ഷേത്രങ്ങൾ എന്നല്ല അറിയപ്പെടുന്നത്; മറിച്ച് കാളീക്ഷേത്രങ്ങൾ എന്നാണ്. രുരുജിത് ക്ഷേത്രങ്ങൾ എന്നത് ശൈവസമ്പ്രദായത്തിലെ വിദ്യാപീഠം എന്ന

ധാരയിലൂന്നിയ ശാക്തപാരമ്പര്യത്തിന്റെ ഭാഗമാണ് എന്ന് തിരിച്ചറിയാൻ സാധിച്ചിട്ടില്ലാത്ത കേരളത്തിലെ യാഥാസ്ഥിതികരായ ബ്രാഹ്മണരാൽ വിളിക്കപ്പെടുന്നതു മാത്രമാണ്.

**ക്ഷേത്രഘടനയും ശാക്തേയ ദേവതകളും**

രുരുജിത് ക്ഷേത്രങ്ങളുടെ ഘടന കേരളത്തിലെ സാധാരണ ക്ഷേത്രങ്ങളുടേതിൽനിന്നും വിഭിന്നമാണ്. മാത്രവുമല്ല ഈ ക്ഷേത്രങ്ങൾക്കിടയിലും ചെറിയ വ്യത്യാസങ്ങൾ ഉണ്ട്. പക്ഷേ അവ ഈ സന്ദർഭത്തിൽ ചർച്ചയ്ക്കു വിധേയമാകുന്നില്ല. ഈ ക്ഷേത്രങ്ങളിലെ പ്രധാന ആരാധനാ മൂർത്തികൾ കാളി അഥവാ രുരുജിത് ആണ്. കൂടാതെ ശിവൻ, മാതൃക്കൾ, ഭദ്രകാളി, ഖഡ്ഗം, നാന്ദകം, ക്ഷേത്രപാലൻ എന്നീ ദേവതകളേയും ഈ ക്ഷേത്രങ്ങളിൽ ആരാധിച്ചുവരുന്നു. മിക്ക ക്ഷേത്രങ്ങളിലും ശിവൻ കിഴക്കോട്ടു തിരിഞ്ഞും കാളി ശിവന്റെ വലതുവശത്തായി വടക്കോ, പടിഞ്ഞാറോ അഭിമുഖമായും ആണ് ഇരിക്കുന്നത്. ക്ഷേത്രപാലനാകട്ടെ ഈശാനകോണിലും. പ്രധാന ദേവതയായ കാളി തനിച്ചോ അല്ലെങ്കിൽ സപ്തമാതൃക്കളോടൊപ്പമോ ആണ് സ്ഥിതിചെയ്യുന്നത്.

മുൻപറഞ്ഞതുപോലെ ശാക്തേയ ബ്രാഹ്മണർ അഥവാ മൂസ്സതുമാർ ആണ് ഈ ക്ഷേത്രങ്ങളുടെ പാരമ്പര്യ അധികാരികളും മേൽനോട്ടക്കാരും. പക്ഷേ, ഈ ക്ഷേത്രങ്ങളുടെ സാമ്പത്തികമായ വളർച്ചയും സമൂഹത്തിലുള്ള സ്വാധീനവും കേരളത്തിലെ യാഥാസ്ഥിതികരായ ബ്രാഹ്മണരെ തെല്ലൊന്നുമല്ല അസ്വസ്ഥരാക്കിയത്. ഇത് അവരെ ഈ കാവുകൾ കയ്യേറുന്നതിനും തുടർന്ന് തങ്ങളുടെ വരുതിയിലാക്കുന്നതിനും വഴി വച്ചു. ഈയൊരു ബ്രാഹ്മണാധിനിവേശത്തിന് ശാക്തേയ ബ്രാഹ്മണർ തികച്ചും എതിരായിരുന്നു. ഇതിനെ പിന്തുണച്ചതും വഴിവിട്ട് സഹായിച്ചതും നാട്ടുരാജാക്കന്മാരും, ജ്യോതിഷികളും ആയിരുന്നു. ഭരണപക്ഷത്തുനിന്നും അധികാരിവർഗ്ഗങ്ങളിൽനിന്നുമുള്ള സമ്മർദ്ദത്തെ എത്രയൊക്കെ ചെറുത്തുനിന്നിട്ടും ചില ക്ഷേത്രങ്ങളുടെ അവകാശം മൂസ്സതുമാർക്ക് പൂർണ്ണമായും നഷ്ടപ്പെട്ടു. ബ്രാഹ്മണരുടെ അധിനിവേശത്തിന് ഇരയായ ഈ ക്ഷേത്രങ്ങൾ തുടർന്ന്എല്ലാ അർത്ഥത്തിലുമുള്ള ഒരു നവീകരണത്തിന് വിധേയമായി. ഈ നവീകരണത്തിന്റെ ഭാഗമായി രൂപാന്തരം സംഭവിച്ചുണ്ടായതാണ് കേരളത്തിലെ രുരിജിത് ക്ഷേത്രങ്ങൾ.

യാഥാസ്ഥിതിക ബ്രാഹ്മണസമൂഹത്തിന് മൂസ്സതുമാർ ആരാധിച്ചിരുന്ന ശാക്തദേവതകളെക്കുറിച്ചും അവരുടെആരാധനാ സമ്പ്രദായത്തെക്കുറിച്ചും തെല്ലും ധാരണയുണ്ടായിരുന്നില്ല. ഈയൊരു സന്ദർഭത്തിൽ ഭൗതികതലത്തിലും സാംസ്കാരികതലത്തിലുമുള്ള ഒരു സംഘട്ടനം തികച്ചും സംഭാവ്യമാണ്. ഏതൊക്കെ തലങ്ങളിലാണ് സംഘട്ടനങ്ങളും ധാരാണാപ്പിശകുകളും ഉണ്ടായിട്ടുള്ളതെന്ന് കൃത്യമായി മനസ്സിലാവണമെങ്കിൽ രണ്ടുകൂട്ടരുടെയും ആധികാരിക ഗ്രന്ഥ

ങ്ങളിലൂടെയും, അവ ഉയർത്തിക്കാണിച്ച സങ്കല്പനങ്ങളിലൂടെയും, പ്രാവർത്തികമാക്കിയ ആശയതലങ്ങളിലൂടെയും സഞ്ചരിക്കേണ്ടതുണ്ട്. ഇവിടെ ഇതു മുഴുവൻ സാദ്ധ്യമല്ലാത്തതിനാൽ അവരുടെ ആരാധനാ സമ്പ്രദായങ്ങൾ വിവരിക്കുന്ന ഗ്രന്ഥങ്ങളിലൂടേയുള്ള ഒരു യാത്ര മാത്രമാണ് ചെയ്യാനുദ്ദേശിച്ചിരിക്കുന്നത്.

## മൂസ്സതുമാരുടെ കാളീ ആരാധന കാശ്മീര ക്രമസമ്പ്രദായം

ആദ്യമായി ശാക്തേയ ക്ഷേത്രങ്ങൾ അഥവാ ഒരുജിത്ത് ക്ഷേത്രങ്ങൾ എന്താണെന്ന് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. ഈ ക്ഷേത്രങ്ങളുടെ ബാഹ്യമായ പ്രത്യേകതകൾ വച്ചുനോക്കുമ്പോൾ ഇവ പൂർണ്ണമായും ബ്രഹ്മയാമളത്തിൽ പ്രതിപാദിച്ചിട്ടുള്ള മാതൃതന്ത്ര പാരമ്പര്യത്തെ ഉൾക്കൊള്ളുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കും. മാതൃതന്ത്രങ്ങൾ എന്നത് സുപ്രസിദ്ധ താന്ത്രിക ചരിത്രകാരനായ അലക്സിസ് സാന്റേഴ്സന്റെ അഭിപ്രായത്തിൽ മദ്ധ്യകാലഘട്ടത്തിൽ തെക്കേ ഇന്ത്യയിൽ മാതൃതന്ത്ര പാരമ്പര്യത്തിൽപ്പെട്ട ബ്രഹ്മയാമളം പ്രാബല്യത്തിൽ വരുന്നതോടുകൂടിയാണ് ഭദ്രകാളി പ്രധാനമായിട്ടുള്ള ശാക്തേയ ആരാധാനാ സമ്പ്രദായം ഇവിടെ നിലവിൽ വരുന്നത്. ഈ സമ്പ്രദായമനുസരിച്ച് ഭദ്രകാളി തനിച്ചോ അല്ലെങ്കിൽ മാതൃക്കളുടെ നായികയായ ചാമുണ്ഡയായിട്ടോ വീരഭദ്രനാലും ഗണപതിയാലും പരിസേവിതയായി ആരാധിക്കപ്പെടുന്നു. ഇത്തരത്തിലുള്ള ആരാധനയുടെ ഉദ്ദേശ്യമാകട്ടെ നാട്ടുരാജാവിന് ശത്രുസൈന്യങ്ങളുടെ മേലുള്ള വിജയമോ, അല്ലെങ്കിൽ നാശത്തിൽനിന്നുള്ള നാട്ടുരാജ്യത്തിന്റെ രക്ഷയോ ആണ്.

ഇതാണ് ഈ ക്ഷേത്രങ്ങളുടെ പൊതുസ്വഭാവം. ശ്രദ്ധേയമായ വസ്തുത കേരളത്തിൽ ഇപ്പോഴും ഈയൊരു മാതൃതന്ത്ര പാരമ്പര്യം ജീവസ്സുറ്റതായി നിലകൊള്ളുന്നുവെന്നതാണ്. ഇവിടെ ഞാൻ മുന്നോട്ടുവയ്ക്കാൻ ഉദ്ദേശിക്കുന്ന ആശയം മൂസ്സതുമാരുടേ ഈ ആരാധനാ സമ്പ്രദായം കാശ്മീര ക്രമസമ്പ്രദായത്തിന്റേയും ദക്ഷിണേന്ത്യൻ ബ്രഹ്മയാമള സമ്പ്രദായത്തിന്റേയും ഒരു ചേരുവയാണ് എന്നുള്ളതാണ്.

മൂസ്സതുമാരുടെ കാള്യാരാധനയ്ക്ക് ആന്തരികവും ബാഹ്യവുമായ രണ്ടു തലങ്ങളുണ്ട്. ആന്തരികതലം എന്നത് ശ്രീവിദ്യ, കാലസങ്കർഷിണീ, പരാ തുടങ്ങിയ ദേവതകളുടെ രഹസ്യസ്വഭാവമുള്ള ആരാധനയുമായി ബന്ധപ്പെട്ടതാണ്. ബാഹ്യതലമാവട്ടെ ഭദ്രകാളി അല്ലെങ്കിൽ ചണ്ഡകപാലിനീ, വീരഭദ്രനോടും ഗണപതിയോടും കൂടി മാതൃക്കൾ തുടങ്ങിയവരുടെ ആരാധനയുമായി ബന്ധപ്പെട്ടതാണ്. ഈ രണ്ടു തലങ്ങളും മൂസ്സതുമാരുടെ ആരാധനാസമ്പ്രദായവും, ഈ ക്ഷേത്രങ്ങളിലെ നിത്യ, നൈമിത്തിക ആരാധനാസമ്പ്രദായവും സസൂക്ഷ്മം നിരീക്ഷിക്കുമ്പോഴേ വ്യക്തമാകൂ. ഇതിലേക്കു പിന്നീടു വരാം.

മൂസ്സതുമാരുടെ ഇന്ന് നിലവിലുള്ള ശ്രീവിദ്യാ, കാലസങ്കർഷിണീ, പരാ തു

ടങ്ങിയ ദേവതകളുടെ ആരാധനാ സമ്പ്രദായം ശാക്തസമ്പ്രദായത്തിന്റെ മുഖ്യ ധാരയിൽ വരുന്ന ഏതെങ്കിലും ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് പ റയാൻ സാധിക്കില്ല. മാത്രവുമല്ല, ഇവരുടെ ഗ്രന്ഥശേഖരങ്ങളിലൊന്നുംതന്നെ മുഖ്യധാരയിലുള്ള ഗ്രന്ഥങ്ങൾ നിലനിൽക്കുന്നതായും അറിവില്ല. ഇനിയങ്ങോട്ട് പ്രതിപാദിക്കാൻ പോകുന്ന കാര്യങ്ങളിൽ ഏറിയപങ്കും വളയനാട് മൂസ്സതിന്റെ ഗ്രന്ഥശേഖരത്തിലുള്ള ഒരു ഗ്രന്ഥത്തേയും അതുപോലെത്തന്നെ ഈ ക്ഷേത്ര ങ്ങളിലെ പൂജാരിമാരുമായുള്ള നിരന്തര സമ്പർക്കത്തേയും അടിസ്ഥാനമാക്കി യാണ്.

ഇവിടെ ശ്രദ്ധേയമായ വസ്തുത മൂസ്സതുമാരുടെ ആരാധനാ സമ്പ്രദായം ദ ക്ഷിണേന്ത്യൻ ശ്രീവിദ്യാ സമ്പ്രദാത്തിൽ രൂഢമൂലമായതാണ്. ഇതിന് തെളി വായി പറയാവുന്നത് 1. മേൽപ്പറഞ്ഞ ഗ്രന്ഥത്തിൽ ശ്രീവിദ്യയുടെ ദീക്ഷാസ മ്പ്രദായം മാത്രമേ പ്രതിപാദിച്ചിട്ടുള്ളൂവെന്നതും 2. ഈ ക്ഷേത്രങ്ങളിലെയെല്ലാം ശ്രീചക്ര സാന്നിദ്ധ്യവും (ഈ ശ്രീചക്രത്തിലാണ് കാളിയെ അല്ലെങ്കിൽ ചണ്ഡ കപാലിനിയെ ആരാധിക്കുന്നത്) ആണ്.

(തുടരും)

# നന്ദികേശ്വര കാശികാ – 12
## (മന്ത്രശാസ്ത്രത്തിന്റെ അടിസ്ഥാനം)

വ്യാഖ്യാനം : ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

**സൂത്രം** 11

**'ഖ ഫ ഛ ഠ ഥ ച ട തവ്'**

22. **പ്രാണാദിപഞ്ചകംചൈവ
മനോ ബുദ്ധിരഹങ്കൃതിഃ
ബഭൂവ കാരണത്വേന
ഖ ഫ ഛ ഠ ഥ ച ട തവ്.**

ഖ ഫ ഛ ഠ ഥ ച ട ത എന്നീ അക്ഷരങ്ങൾ നിമിത്തം പഞ്ചപ്രാണങ്ങളും മനോബുദ്ധ്യഹങ്കാരങ്ങളും ജഗത്തിന്റെ കാരണങ്ങളായി ഭവിച്ചു. ഖ ഫ ഛ ഠ ഥ ഇവ ക്രമത്തിൽ പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ എന്നീ പ്രാണങ്ങളെ പ്രതിനിധീകരിക്കുന്നു. പ്രാണങ്ങൾ ശരീരത്തെ ചലനാത്മകമാ

യി നിലനിർത്താൻ ഉപകരിക്കുന്ന വൈദ്യുത പ്രവാഹമാണെന്ന് ഖ ഫ ഛ ഠ ഥ എന്നീഅക്ഷരങ്ങളുടെ ഉച്ചാരണ സവിശേഷതകളിൽനിന്ന് മനസ്സിലാക്കാൻ സാധിക്കും.

**23. വർഗദ്വിതീയവർണോത്ഥാഃ
പ്രാണാദ്യാഃ പഞ്ചവായവാഃ
മധ്യവർഗത്രയാജ്ജാതാ
അന്തഃകരണവൃത്തയഃ**

വർഗ്ഗാക്ഷരങ്ങളിലെ രണ്ടാമത്തവകളിൽ നിന്നുണ്ടായവയാണ് പ്രാണൻ തുടങ്ങിയ അഞ്ച് വായുക്കൾ എന്നർത്ഥം. 'ഖ'യിൽ നിന്ന് പ്രാണനും 'ഫ'യിൽ നിന്ന് അപാനനും 'ഛ' യിൽ നിന്ന് വ്യാനനും 'ഠ'യിൽ നിന്ന് ഉദാനനും 'ഥ' യിൽ നിന്ന് സമാനനും ഉണ്ടായി. രണ്ടും മൂന്നും നാലും വർഗ്ഗങ്ങളിലെ (മധ്യവർ ഗ്ഗത്രയങ്ങളിൽ) ആദ്യാക്ഷരങ്ങളിൽനിന്ന് അന്തഃകരണവൃത്തികളും ഉദ്ഭവിച്ചു. അന്തഃകരണവൃത്തികളിലെ മൂന്നെണ്ണമാണ് മനസ്സ്, ബുദ്ധി, അഹങ്കാരം എന്നിവ. ഇതിൽ 'ച' യിൽ നിന്ന് മനസ്സും 'ട'യിൽ നിന്ന് ബുദ്ധിയും 'ത'യിൽനിന്ന് അഹങ്കാരവും ഉദ്ഭവിച്ചു.

**സൂത്രം 12**

**'ക പയ്'**

**24. പ്രകൃതിം പുരുഷഞ്ചൈവ
സർവേഷാമേവസമ്മതം.
സംഭൃതമിതിവിജ്ഞേയം
ക പയ്സ്യാദിതി നിശ്ചിതം.**

എല്ലാ പ്രാണികളുടെയും കാരണമാണല്ലോ പ്രകൃതിയും പുരുഷനും. 'ക', 'പ' എന്നീ രണ്ടക്ഷരങ്ങളിൽനിന്നാണ് പ്രകൃതിപുരുഷന്മാരുടെ ഉദ്ഭവം. 'ക' എന്നത് ആദ്യവർഗ്ഗത്തിലെ ആദ്യാക്ഷരവും 'പ' എന്നത് അവസാനവർഗ്ഗത്തിലെ ആദ്യാക്ഷരവുമാണ്. ഇപ്രകാരം ആദ്യവും അവസാനവുമായ വർഗ്ഗങ്ങളിൽ രണ്ട് ആദ്യാക്ഷരങ്ങളെ എടുത്തുകൊണ്ട് എല്ലാ പ്രാണികളുടെ കാരണഭൂതമാണ് പ്രകൃതിപുരുഷന്മാരെന്ന് സംപുടീഭാവത്തോടെ (എല്ലാത്തിനെയും ഉൾക്കൊള്ളുന്ന ഭാവം) പറഞ്ഞിരിക്കുന്നു ഇവിടെ. കകാരംപ്രകൃതിയേയും പകാരംപുരുഷനേയുംസൂചിപ്പിക്കുന്നു.

(തുടരും)